പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.151 17.02.2011- ൽ മറുപടിയ്ക്ക്

## പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു :<br>ശ്രീമതി.ഇ.എസ്. ബിജിമോൾ:<br>ശ്രീ.കെ.അജിത്:<br>ശ്രീ. രാജാജി മാത്യു തോമസ്: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |

(എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അളവ് എത്ര എന്നും ഇവയുടെ പ്രതിദിന ഉത്പാദനം എത്രയെന്നും വ്യക്തമാക്കുമോ;

(എ)

| | പാൽ (ലക്ഷം ലിറ്റർ) | മുട്ട (ലക്ഷം) | മാംസം (ടൺ) |
| --- | --- | --- | --- |
| പ്രതിദിന ആവശ്യം | 78.86 | 140 | 840 |
| പ്രതിദിന ഉല്പാദനം | 69.5 | 44.6 | 602 |

(ബി) ഇവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് ഈ ഗവൺമെൻറ് സ്വീകരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കാൻ ഈ സർക്കാർ മൊത്തം 456 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികളെല്ലാം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

(സി) പ്രസ്തുത പദ്ധതികളെല്ലാം തന്നെ പദ്ധതി നടത്തിപ്പിൻെറ പൂർത്തീകരണ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (2006-07 മുതൽ 2010-11 വരെ.

1. അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ച ഇനം കറവപ്പശുക്കളെ കൊണ്ടു വരുന്ന നടപടി. (28.69 കോടി രൂപ)

2.ക്ഷീരോല്പാദന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. (22 കോടി രൂപ)

(i) പശു, എരുമ സംയോജിത പദ്ധതി (ക്ഷീരഗംഗ).

(ii) പശു, ആട് സംയോജിത പദ്ധതി- വനിതാ സ്വയം സംരംഭകർക്ക് ഒരു പശുവും രണ്ട് ആടും വീതം നൽകുന്ന പദ്ധതി.

(iii) പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർക്ക് തൊഴുത്ത് നവീകരണത്തിനായി ഗുണഭോക്താവ് ഒന്നിന് ഒരു ലക്ഷം രൂപ വീതം സഹായ ധനം നൽകുന്ന പദ്ധതി.

(iv) കർഷകരുടെ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു കോടി രൂപ വിനിയോഗിക്കുന്ന പദ്ധതി.

(v) ജീവരേഖ-സംയോജിത കന്നുകാലിവികസന പരിപാടി.

3. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ. ( 6കോടി രൂപ)

4. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണ പരിപാടികൾ. (17 കോടി രൂപ)

5. പച്ചപ്പുല്ലിൻെറ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ്, കെ.എൽ.ഡി. ബോർഡ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.(15 കോടി രൂപ)

6.ഗുണനിലവാരമുള്ള കാലിതീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി, മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സഹകരണ/ സർക്കാർ കാലിതീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദന സംഭരണ ശേഷി വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് കേരള ഫീഡ്സിൻെറ ആഭിമുഖ്യത്തിൽ 52 കോടി രൂപ ചെലവിൽ 300 MT ശേഷിയുള്ള പുതിയ കാലിത്തീറ്റ പ്ളാന്റും ഫോഡർ നിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

7. കറവ പശുക്കൾക്ക് വിര മരുന്നുകൾ, ധാതുലവണ മിശ്രിതം എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്നു.

8. മൃഗസംരക്ഷണ വകുപ്പിൻെറയും ക്ഷീരവികസന വകുപ്പിൻെറയും ആഭിമുഖ്യത്തിൽ ശാസ്ത്രീയ കന്നുകാലി പരിശീലന സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് പകർന്നു നൽകുന്നതിനായി പരിശീലന പരിപാടികൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു,

9. കറവപശുക്കളുടെ സംരക്ഷണത്തിനായി പതിനൊന്ന് ജില്ലകളിൽ കേന്ദ്ര സഹായത്തോടെയും കാസർഗോഡ്,മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചും കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുന്ന ഗോസുരക്ഷാപദ്ധതി നടപ്പിലാക്കി വരുന്നു. (12 കോടി രൂപ).

10. കന്നുകാലി ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ കറവപ്പശുക്കളെ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (ഒരു കോടി രൂപ).

11. സർക്കാരിൻെറ ഉടമസ്ഥതിയിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിനടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

12. ഉൽപ്പാദനശേഷി കൂടിയ കറവപ്പശുക്കളെ സൃഷ്ടിക്കുന്നതിന് ഉതകുന്ന കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. (38.75 കോടി രൂപ).

മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തി കൂടുതൽ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് 5 കോടി രൂപ ചെലവിൽ നടപടി സ്വീകരിച്ചു. കോഴികളുടെ ആരോഗ്യസംരക്ഷണത്തിനായി അസ്കാഡ് പദ്ധതി പ്രകാരം രോഗപ്രതിരോധ കുത്തിവയ്പ്പ് നടത്തി. 2009-2010-ൽ മൃഗ സംരക്ഷണ വകുപ്പിൻെറ സംയോജിത കോഴിവളർത്തൽ പദ്ധതിയിൻ കീഴിൽ 15 കോടി രൂപ ചെലവിൽ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ 4,16,664 ബി.പി.എൽ കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം ചെയ്തു വരുന്നു. 2010-2011-ൽ 1,76,000 ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ഒരുദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ 45 ദിവസം മുതൽ 60 ദിവസം വരെ വളർത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനായി 1250 കോഴിക്കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന 25 മദർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷൻ വഴി ഗ്രാമം നിറയെ കോഴി, വീട്ടുമുറ്റത്ത കോഴി, വീട്ടമ്മയുടെ അരുമക്കോഴി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നിരവധി പദ്ധതികൾ 18 കോടി രൂപ ചെലവിൽ നടപ്പിലാക്കി വരുന്നു. കോഴി വളർത്തൽ തൊഴിലിൽ താൽപര്യമുള്ള കർഷകർക്ക് വേണ്ടി ഇൻറഗ്രേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. ( ആകെ 18 കോടി രൂപ ചെലവിൽ ഈ പദ്ധതികൾ പൂർത്തിയാക്കി വരുന്നു. )

മൃഗസംരക്ഷണ വകുപ്പ് മാംസത്തിൻെറ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(i) ആട്,പന്നി, മുയൽ തുടങ്ങി മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ വർദ്ധനവിനുള്ള പദ്ധതി.

(ii). കേരളാ സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഇറച്ചിക്കോഴി വളർത്തലിലും കെ.എൽ.ഡി.ബോർഡ്,എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ ആട്,പന്നി എന്നിയുടെ ഉൽപ്പാദന വർദ്ധനവിനും നടപടി സ്വീകരിച്ചു,

(iii). കെ.എസ്.പി.ഡി.സി., എം.പി.ഐ എന്നീ സ്ഥാപനങ്ങൾ മാംസ വിപണനത്തിലും ഏർപ്പെട്ടു വരുന്നു.

ഇതു കൂടാതെ ക്ഷീരവികസന വകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

| | |
|---|---|
| 1. മിൽക്ക് ഷെഡ് ഡവലപ്പ്മെൻറ് പ്രോജക്ട് | -27 കോടി രൂപ |
| 2. കാലിത്തീറ്റ സബ്സിഡി | -7.25 കോടി " |
| 3. ഗ്രാമീണ വിജ്ഞാപന വ്യാപനം | -2.39 കോടി " |
| 4. ക്ഷീരസഹകരണസംഘങ്ങൾക്ക് ധനസഹായം | - 25.3 കോടി " |

5. കേന്ദ്ര സഹായ പദ്ധതി

| | |
|---|---|
| a) മിൽമയ്ക്ക് നൽകുന്നത് | -19 കോടി രൂപ |
| b) സുനാമി പുനരധിവാസ പദ്ധതി | -5 കോടി " |
| c) രാഷ്ട്രീയ കൃഷി വികാസ് യോജന | - 10 കോടി " |
| d) കേന്ദ്ര അധിക ധനസഹായം | -6 കോടി " |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152

17.02.2011 ൽ മറുപടിയ്ക്ക്

സ്മാർട്ട്സിറ്റി സംബന്ധിച്ച തർക്കങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി ;<br>ശ്രീ. പി.സി. ജോർജ് ;<br>ശ്രീ. റോഷി അഗസ്റ്റിൻ ;<br>ശ്രീ. തോമസ് ചാഴികാടൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സ്മാർട്ട് സിറ്റി പദ്ധതിക്ക എന്നാണ് തുടക്കം കുറിച്ചത് ;<br>ബി) ഏത് സർക്കാരാണ് പ്രസ്തുത പദ്ധതി ആദ്യമായി മുന്നോട്ട വച്ചത് ; | (എ) യും (ബി) യും<br>സ്മാർട്ട്സിറ്റി പദ്ധതിക്ക വേണ്ടി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി മുൻ സർക്കാർ 9.9.2005 ൽ ധാരണാപത്രം ഒപ്പവച്ചവെങ്കിലും ഇത് സംബന്ധിച്ചുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് ഈ സർക്കാരും TECOM FZ-LLC യുമായി 13.5.2007 ലാണ് ഒപ്പവച്ചത്. |
| സി) ആകെ എത്ര ഏക്കർ ഭൂമിയാണ് ഇതിനായി എടുത്തിട്ടുള്ളത് ; | സി) 246 ഏക്കർ. |
| ഡി) സർക്കാരും ടീകോമുമായുള്ള പ്രധാന തർക്കങ്ങൾ എന്തൊക്കെയാണ് ;<br>ഇ) തർക്കങ്ങൾ എല്ലാം പരിഹരിച്ച് കഴിഞ്ഞോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br>എഫ്) സ്മാർട്ട് സിറ്റി പദ്ധതി ഇത്രയും വർഷം നീണ്ടുപോകാൻ കാരണം എന്താണ് ; ഇതിന്റെ ഉത്തരവാദികൾ ആരെന്ന് വിശദമാക്കുമോ ; | (ഡി), (ഇ) ആന്റ് (എഫ്)<br>ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണ്ണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2.2.2011 ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ തർക്ക വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത ചർച്ചയുടെ മിനിട്സ് അനുബന്ധമായി വച്ചിരിക്കുന്നു. |
| ജി) സർക്കാരും ടീകോമുമായി നാളിതുവരെയുള്ള തർക്കം തീർക്കുവാൻ ഏതെങ്കിലും മദ്ധ്യസ്ഥർ ശ്രമിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ ; | ജി) നോർക്ക വൈസ് ചെയർമാൻ ശ്രീ. എം.എ. യൂസഫലിയെ ടീകോമുമായി ചർച്ച നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്നു. |

| | | | |
|---|---|---|---|
| എച്ച്) | ടീകോമിന് പ്രസ്തുത പദ്ധതി പ്രദേശത്ത് സ്വതന്ത്രാവകാശം മാത്രം നല്കി തർക്കം തീർത്തിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇങ്ങനെ നൽകുന്നത് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | എച്ച്) | വിശദാംശങ്ങൾ (ഡി), (ഇ) ആന്റ് (എഫ്) പിരിവുകൾക്കുള്ള മറുപടിയുടെ അനുബന്ധമായ ടീകോം പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്സിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഹാജരാക്കിയത്.

**Minutes of the discussion held by the Chief Minister of Kerala on 02.02.2011 with the Delegation led by H.E. Ahmed Humaid Al Tayer, Member of Supreme Committee for Dubai World Group & Dubai Holding Group U.A.E.**

The discussions were held at the Mascot Hotel Trivandrum. The discussions commenced at 12.30 PM and concluded at 1.30 PM.

The visiting Delegation consisted of the following Members:

1. H.E. Ahmed Humaid Al Tayer, Head of Delegation.
2. Mr. Abdul Latif Al Mulla, Group CEO – TECOM
3. Dr. Adnan Chilwan
4. Mr. Yusuff Ali.M.A.

The Chief Minister, Sri. V.S.Achuthanandan was assisted by a team comprising the following:

1. Sri. S.Sharma, Minister for Fisheries & Registration and Chairman, SMARTCITY, Kochi.
2. Dr.P.Prabhakaran, Chief Secretary to Government of Kerala.
3. Smt. Sheela Thomas, Principal Secretary to the Chief Minister.
4. Sri. K.Suresh Kumar, Secretary to Government, Information Technology Department.
5. Sri. K.Sasidharan Nair, Secretary to Government, Law Department.
6. Sri. Joseph C. Mathew
7. V.K.Sasidharan.

The Chief Secretary welcomed the visiting delegates and other participants. The Principal Secretary to the Chief Minister presented an outline of the Agenda. After discussions, the following decisions were taken:

1. Government of Kerala will transfer possession of 246 acres of land on leasehold rights to the SPV. Government of Kerala will take steps to get the Land transferred to SPV on lease within a week and will ensure that the registration of the land happens without any further delay within a week without charging any registration and stamp duty.
2. Upon completion of Master Plan and its approval, 12 percent of the 246 acres will be converted from leasehold to freehold rights.
3. TECOM will expedite the pending formalities of Masterplan preparation and present it in the Board of Directors of SPV within 30 days. Upon completion of the Masterplan and its approval, 12 percent of the 246 acres will be converted from leasehold to freehold rights.
4. TECOM will develop the entire 246 acres for which the SPV has now possession (216.5 acres of leasehold and 29.5 acres on Freehold) as an IT/ITES sector specific SEZ.
5. Gok guarantees to get the SEZ/(s) approval from the Board of Approval in Delhi and get it approved at the earliest for the entire 246 Acres.
6. There should not be anything which delays the project other than the go ahead from the SEZ Board.
7. Both the parties have agreed to abide by the terms and conditions of the Framework Agreement dt. 13.05.2007.
8. Both the parties have also agreed to abide by the SEZ rules of the Govt. of India which states that Freehold land within an SEZ is not saleable.
9. The land converted as Freehold as provided under Clause 5.4 of the Frame Work Agreement shall not be alienable.

**Signed on 2nd February, 2011,**

**V.S.ACHUTHANANDAN**

Chief Minister, Kerala

**H.E. AHMED HUMAID AL TAYER**

Member of Supreme Committee for Dubai World Group & Dubai Holding Group, UAE.

[redacted] [redacted]

**In the presence of:**

| | | |
|---|---|---|
| Sri. S.Sharma | : | |
| Mr. Abdul Latif Al Mulla | : | |
| Mr. Adnan Chilwan | : | |
| Dr. P.Prabhakaran | : | |
| Mr. Yusuff Ali.M.A | : | |
| Smt. Sheela Thomas | : | |
| Sri. K.Suresh Kumar | : | |
| Sri. K.Sasidharan Nair | : | |
| Sri. V.K.Sasidharan | : | |

**Thiruvanantapuram,**

**02-02-2011**

Section officer.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 153. 17-02-2010-ൽ മറുപടിയ്ക്ക്

അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.വി.ശശികുമാർ: | ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നതിന് യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാനുള്ള അവസരമൊരുക്കുക, വിദേശ ഭാഷാ പഠനം, വിദ്യാഭ്യാസ രീതിയെ കുറിച്ച് പരസ്പരം അറിവ് നേടൽ എന്നിവയ്ക്കൊപ്പം സാംസ്കാരിക പൈതൃകവും, പാരമ്പര്യവും മറ്റ് രാജ്യങ്ങളിലെത്തിക്കുകയും കേരളത്തിന്റെ തനത് കലാ രൂപങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുക എന്ന ഉദ്ദേശ്യത്തോടും കൂടി തെരഞ്ഞെടുക്കപ്പെട്ട യുവാക്കളെ മറ്റ് രാജ്യങ്ങളിലേയ്ക്ക് സന്ദർശനത്തിനായി അയച്ചിരുന്നു. |
| (ബി) | (ബി) |
| പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ നിന്ന് എത്ര യുവാക്കൾ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്; | അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ നിന്നും ഇതുവരെ 43 യുവതി യുവാക്കൾ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. |

(സി)

പഠന യാത്രകൾക്ക് യുവാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും നടപടി ക്രമവും വ്യക്തമാക്കുമോ ;

(സി)

ഭാരത സർക്കാർ സംഘടിപ്പിച്ചു വരുന്ന ദേശീയ യുവോത്സവത്തിൽ കേരളത്തിൽ നിന്നും പങ്കെടുത്തവർ, കേരളോത്സവ വിജയികൾ, വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ, സർവ്വകലാശാല യുവജനോത്സവ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി)

മറ്റു രാജ്യങ്ങളിൽ നിന്നുള്ള എത്ര യുവാക്കൾ പദ്ധതിയുടെ ഭാഗമായി കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി)

ഈ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽ നിന്നുമുള്ള 15 യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 154** **17.02.2011-ലെ മറുപടിക്ക്**

## ധനവിനിയോഗത്തിൽ വന്ന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.സി.കെ.സദാശിവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ) | ധന വിനിയോഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുണ്ടായിട്ടുള്ള ക്രമാനുഗതമായ പുരോഗതി വ്യക്തമാക്കുമോ ? | യാഥാസ്ഥിതിക ധനനയങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ ക്ഷേമ വികസന ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ നയമാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായി 2001-06 കാലയളവിൽ സർക്കാർ ചെലവ് 53 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ, ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചു. അതായത്, 2005-06 ലെ 19,528 കോടി രൂപയിൽ നിന്ന് 2010-11 ൽ (പുതുക്കിയ കണക്കുപ്രകാരം) 39,790 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നു. മൂലധന ചെലവിന്റെ കാര്യത്തിലും ഇക്കാലത്ത് ഗുണപരമായ മാറ്റമുണ്ടായി. സർക്കാരിന്റെ മൊത്തം ചെലവിൽ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്ന് 25.3 ശതമാനമായി. വികസനച്ചെലവ് 53 ശതമാനത്തിൽ നിന്ന് 55 ശതമാനമായി ഉയർന്നു. |
| ബി) | കാർഷിക മേഖലയ്ക്കായി ഈ സർക്കാർ വരുമ്പോൾ എത്ര കോടി രൂപയുടെ അടങ്കലാണ് അനുവദിച്ചിരുന്നത്? | 2005-06 സാമ്പത്തിക വർഷത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി 224.90 കോടി രൂപയുടെ പദ്ധതി അടങ്കലാണ് അനുവദിച്ചിരുന്നത്. |

| | | |
|---|---|---|
| സി) | ഈ സർക്കാർ കാർഷിക മേഖലയുടെ വികസനത്തിനായി എത്ര കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഈ സർക്കാർ കൃഷിയുടേയും അനുബന്ധ മേഖലകളുടെയും വികസനത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 705.55 കോടി രൂപയുടെ പദ്ധതിയടങ്കലാണ് അനുവദിച്ചിട്ടുള്ളത്. RKVY, BRGF എന്നീ ഇനങ്ങളിലായി യഥാക്രമം 120 കോടി രൂപയും 40.26 കോടി രൂപയും കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുണ്ട്. |
| ഡി) | വികസന പദ്ധതികൾക്ക് തുക അനുവദിക്കുന്ന കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള സമീപനം വ്യക്തമാക്കുമോ? | അടിസ്ഥാന വികസന മേഖലകൾക്കും, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷത്തിൽ ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, റോഡുകൾ-പാലങ്ങൾ, വിദ്യാഭ്യാസം, ഐ.റ്റി, ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2005-06 ൽ റോഡുകൾക്കും പാലങ്ങൾക്കുമായി 533.20 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ച സ്ഥാനത്ത് 2009-10 ൽ 1072.41 കോടി രൂപയാണ്ചെലവഴിച്ചിട്ടുള്ളത്. 2005-06 ൽ വ്യവസായം, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം എന്നീ മേഖലകൾക്കായി യഥാക്രമം 201.14, 18.20, 86.15 കോടി രൂപ വീതം ചെലവഴിച്ച സ്ഥാനത്ത് 2009-10 ൽ യഥാക്രമം 347.25, 115.86, 120.80 കോടി രൂപ വീതമാണ് പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ നൽകിയ മുൻഗണനയുടെ ഫലമാണിത്. |

| | | |
|---|---|---|
| ഇ) | സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ എന്തു മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ? | പരമ്പരാഗത മേഖല, സാമൂഹ്യ സുരക്ഷാ മേഖല, പട്ടിക ജാതി, പട്ടിക വർഗ്ഗം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്കെല്ലാം വളരെ ഉയർന്ന പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഇതിന്റെ ഫലമായി പ്രസ്തുത മേഖലകളിലെ സർക്കാർ ചെലവിലുണ്ടായ ഗണ്യമായ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(അനുബന്ധം A)*<br>സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി സർക്കാർ 2001-06 ൽ പ്രതിവർഷം ശരാശരി 134 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 2010-11 ൽ 788 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 488 ശതമാനത്തിന്റെ വർദ്ധനവാണ് കാണിക്കുന്നത്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം A)

| ഇനം | വാർഷിക ശരാശരി ചെലവ് (കോടി രൂപയിൽ) 2001-06 | വാർഷിക ശരാശരി ചെലവ് (കോടി രൂപയിൽ) 2006-11 |
|---|---|---|
| ക്ഷേമ പെൻഷനുകൾ | 134 | 389 |
| ഭക്ഷ്യ സബ്സിഡി | 34 | 235 |
| കയർ | 23 | 59 |
| കശുവണ്ടി | 15 | 42 |
| കൈത്തറി, ഖാദി | 28 | 48 |
| പട്ടികജാതി-പട്ടിക വർഗ്ഗം | 395 | 840 |
| മത്സ്യ മേഖല | 527 (5 വർഷം) | 3092 (5 വർഷം) |
| ഉന്നത വിദ്യാഭ്യാസം പദ്ധതിയിതര ഗ്രാന്റ് | 790(2005-06) | 1574 (2010-11)<br>2296 (2011-12) |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *155 17.02.2011-ൽ മറുപടിയ്ക്ക്

**മുസ്ലീം പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ നിലനിൽക്കുന്ന ബാക്ക് ലോഗ് നികത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.സി.രാമൻ<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി** |
| (എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം അർഹതപ്പെട്ട നിയമനങ്ങൾ നഷ്ടപ്പെട്ട മുസ്ലീം ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് ബാക്ക് ലോഗ് നികത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) (ബി) & (സി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം.8/06/ പജപവവിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി രൂപീകരിച്ച മാതൃകയിൽ, സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടാ- |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നാൽ ഇപ്രകാരമുള്ള ബാക്ക് ലോഗ് നികത്തിക്കൊടുക്കുമെന്ന വാഗ്ദാനം തെരഞ്ഞെടുപ്പുവേളയിൽ ജനങ്ങൾക്ക് നൽകിയിരുന്നതനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മുസ്ലീം പിന്നോക്ക വിഭാഗങ്ങളുടെ നിയമനങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ബാക്ക് ലോഗ് നികത്താൻ അടിയന്തിര നടപടി സ്വികരിക്കുമോ?

(ബി)-(സി) യിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 156

17.02.2011 ൽ
മറുപടിയ്ക്ക്

## ഐ.ടി.മേഖലയിലെ വളർച്ച

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എം. മോനായി ;<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീ. സാജു പോൾ ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ഐ.ടി മേഖലയിൽ ഉണ്ടായ മാന്ദ്യം മാറിത്തുടങ്ങിയിട്ടുണ്ടോ ; | എ) | ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഐ.ടി. മേഖലയിൽ ഉണ്ടായ മാന്ദ്യം മാറിത്തുടങ്ങിയതായി കാണുന്നു. |
| ബി) | ഈ വർഷം ഐ.ടി മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച വ്യക്തമാക്കുമോ ; | ബി) | ഈ വർഷം ഐ.ടി. മേഖലയിൽ വൻതോതിലുള്ള വളർച്ചതന്നെ ഉണ്ടായിട്ടുണ്ട്. ടെക്നോപാർക്കിന്റെ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിൽ ഇൻഫോസിസ്, UST Global, NeST, C-DAC, IIITM-K എന്നീ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പൂർത്തിയായി വരുന്നു. ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കേരളത്തിലെ ഇതുവരെയുള്ളതിൽ ഏറ്റവും വലിയ ഐ.ടി. കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കൊല്ലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.<br><br>ടെക്നോസിറ്റിയിൽ TCS ന് പാട്ടത്തിന് നല്കിയ സ്ഥലത്ത് അത്യാധുനിക രീതിയിലുള്ള ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പ്ലാനുകൾ തയ്യാറായി വരുന്നു. കൊച്ചി ഇൻഫോപാർക്കിൽ നിർമ്മിച്ച 5.50 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 'അതുല്യ' എന്ന ഐ.ടി. കെട്ടിടം 2010 ജൂണിൽ കമ്മീഷൻ ചെയ്തു. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്ത് 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു. L & T, ബ്രിഗേഡ്, TCS എന്നീ സ്ഥാപനങ്ങൾ അവർക്ക് പാട്ടത്തിന് നല്കിയിരിക്കുന്ന ഭൂമിയിൽ ഏകദേശം 20 ലക്ഷം |

ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇൻഫോപാർക്ക് ചേർത്തല എന്ന പേരിൽ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിന്റെ ആദ്യഘട്ടം 2011 ജനുവരിയിൽ കമ്മീഷൻ ചെയ്തു. തൃശ്ശൂരിലെ കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ടം ആരംഭിച്ചു.

സി) ഐ.ടി വികസന സാധ്യതകൾ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

സി) ഐ.ടി. വികസന സാദ്ധ്യതകൾ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുത്തുന്നതിന് ടെക്നോപാർക്കിനും, ഇൻഫോപാർക്കിനും പുറമേ കോഴിക്കോട് സൈബർപാർക്ക്, കണ്ണൂർ ജില്ലയിൽ എരമത്തും, കാസർഗോഡ് ജില്ലയിൽ ചീമേനിയിലും, തൃശ്ശൂർ ജില്ലയിൽ കൊരട്ടിയിലും, ആലപ്പുഴ ജില്ലയിൽ ചേർത്തല, അമ്പലപ്പുഴ എന്നിവിടങ്ങളിലും, കൊല്ലം ജില്ലയിൽ കുണ്ടറയിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കൊരട്ടിയിലും, ചേർത്തലയിലും, കൊല്ലത്തും ഐ.ടി. പാർക്കുകൾ പ്രവർത്തനത്തിന് തുറന്നുകൊടുക്കുവാൻ സജ്ജമായിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ടെക്നോലോഡ്ജ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ഡി) ഐ.ടി മേഖലയിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള വികസനവും കൊച്ചിയിലെ സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക് എന്നിവയിൽ ഉണ്ടാകാൻ സാധ്യതയുള്ള വൻ വികസനവും മുന്നിൽ കണ്ട് ഐ.ടി രംഗത്ത് കൂടുതൽ പഠന പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഡി) ഐ.ടി. രംഗത്ത് പഠന പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ICT അക്കാദമി സ്ഥാപിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 157** 17.02.2011-ൽ മറുപടി പറയേണ്ടത്

**ഐ. ടി ടൂറിസം മേഖലകൾക്ക് അനുവദിച്ച വിഹിതം**

**ചോദ്യം**

ശ്രീ. കെ. ടി. ജലീൽ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. അൽഫോൺസ് കണ്ണന്താനം

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്
ധനകാര്യ വകുപ്പ് മന്ത്രി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| എ.. | പുതിയ വളർച്ചാ മേഖലകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിന് ധനവകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഉണ്ട്. ആധുനിക വളർച്ചാ മേഖലകളായ വൻകിട വ്യവസായം, ടൂറിസം, ഐ.ടി. എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്ന കാര്യത്തിൽ ഈ വകുപ്പ് മതിയായ പരിഗണനയാണ് നൽകി വരുന്നത്. പ്രസ്തുത മേഖലകളുടെ പദ്ധതി ചെലവ് 2001-02 മുതൽ 2005-06 വരെ ശരാശരി 208 കോടി രൂപയായിരുന്നത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ശരാശരി 272 കോടി രൂപയായി ഉയർന്നു. 2010-11 ൽ ഈ മേഖലകളുടെ അടങ്കൽ 423 കോടി രൂപയാണ്. കൂടാതെ പദ്ധതിയേതര ഇനത്തിൽ 2009-10 ൽ ടൂറിസം റോഡുകളുടെ നവീകരണത്തിനായി 52 കോടി രൂപയും കെ.എസ്.ഐ.ഡി.സി. |

| | | |
|---|---|---|
| | | പാർക്കുകളിലേക്കുള്ള റോഡുകളുടെ നവീകരണത്തിനായി 45 കോടി രൂപയും ഐ.ടി. പാർക്കുകളുടെ റോഡ് നവീകരണത്തിനായി 20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2010-11 ൽ ഈ ആവശ്യങ്ങൾക്കായി 50 കോടി രൂപ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി. | ഐ. ടി. മേഖലയ്ക്കുള്ള വിഹിതത്തിൽ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | ഐ. ടി. മേഖലയ്ക്കായി 2009-10 ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 81.17 കോടിയായിരുന്നെങ്കിൽ അത് 2010-11 ൽ 152.8 കോടിയായി വർദ്ധിച്ചു. അതായത് ഐ.ടി. മേഖലക്കു മാത്രം നടപ്പു വർഷം 88% വർദ്ധനയുണ്ട്. നിലവിലുള്ള ഐ. ടി. പാർക്കുകളുടെ വികസനത്തിനും പുതുതായി ആരംഭിക്കുന്ന പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുമായി നടപ്പു വർഷം ആകെ 166 കോടി രൂപ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയേതര ഇനത്തിൽ ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ വികസനത്തിന് 2009-10 ൽ 20 കോടി രൂപയും 2010-11 ൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| സി. | ഐ. ടി. മേഖലയിൽ നിന്നുള്ള വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വ്യക്തമാക്കുമോ; | സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ രേഖകൾ അനുസരിച്ച് 2006-07 ൽ 750 കോടി രൂപയായിരുന്ന ഐ.ടി. കയറ്റുമതി 2009-10 ൽ 1956.44 കോടി രൂപയായി വർദ്ധിച്ചു. |
| ഡി. | ടൂറിസം മേഖലയ്ക്കായി കൂടുതൽ വിഹിതം അനുവദിക്കുന്നുണ്ടോ, എങ്കിൽ വിശദമാക്കുമോ; | ഉണ്ട്. ടൂറിസം മേഖലയ്ക്കായി 2001 - 02 മുതൽ 2005 - 06 വരെ ആകെ 350.35 കോടി രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. എന്നാൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ടൂറിസം മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 423.29 കോടി രൂപയായി ഉയർന്നു. കൂടാതെ ടൂറിസം റോഡുകളുടെ നവീകരണത്തിന് 2009-10 ൽ 52 കോടി രൂപയും 2010-11 ൽ 20 കോടി രൂപയും നോൺ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| ഇ | സംസ്ഥാനത്തിന്റെ വാണിജ്യ വികസനത്തിന് സഹായിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നതിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ? | കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആവിഷ്ക്കരിച്ച് 2007 മുതൽ നടപ്പിലാക്കിവരുന്നത്. ഇതിലേക്കായി നടപ്പു സാമ്പത്തിക വർഷം 25 കോടി രൂപ അനുവദിച്ചി ട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 158 17.02.2011-ൽ മറുപടിക്ക്

## ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ

ചോദ്യം

ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ബി. ബാബു പ്രസാദ്:

(എ) വിദേശത്തു നിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ ;

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
( മുഖ്യമന്ത്രി)

(എ) വിദേശത്തു നിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രവാസി കേരളീയ കാര്യ വകുപ്പ് തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

വിദേശത്തോ സംസ്ഥാനത്തിനു പുറത്തോ മൂന്നു വർഷത്തിലധികം ജോലി ചെയ്തശേഷം കേരളത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യമുള്ള സാങ്കേതിക യോഗ്യതയുള്ളവർക്ക് 5 ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ നല്കുന്ന ഒരു പദ്ധതി വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്..

കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 'നോൺ റെസിഡന്റ് കേരളൈറ്റ്സ് വായ്പാ പദ്ധതി' എന്നപേരിലും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് 100 കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്

വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വാണിജ്യബാങ്കുകൾ അതാതു ബാങ്കിന്റെ പദ്ധതിയിൽപ്പെടുത്തി വായ്പകൾ നൽകി വരുന്നതായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്..

| | | | |
|---|---|---|---|
| (ബി) | ഇത്തരം പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡ ങ്ങളിൽ എന്തൊക്കെ മാറ്റ ങ്ങൾ വരുത്തിയിട്ടുണ്ട് ; | (ബി) | വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കെ.എഫ്.സി 'നോൺറെസിഡെന്റ് കേരളൈറ്റ്സ് വായ്പാ പദ്ധതി' ചുവടെ പറയുന്ന ഉദാരവ്യവസ്ഥകളോടെ നടപ്പിലാക്കി വരുന്നു.<br><br>1. 2007 ജൂലൈ 1-ന്ശേഷം വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെടുകയോ ജോലി അവസാനിപ്പിച്ച് തിരിച്ച് നാട്ടിലേക്ക് വരികയോ ചെയ്തവർക്കാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്.<br><br>2. വിദേശത്ത് ജോലി നഷ്ടപ്പെട്ടതിന് മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്.<br><br>3. വായ്പയുടെ പലിശ 7 % ആയിരിക്കും.<br><br>4. നിലവിലുള്ള പ്രോസസിംഗ് ഫീയുടെ 50% മാത്രം അടച്ചാൽ മതിയാകും. |
| (സി) | സർക്കാർ സഹായവും ബാങ്ക് വായ്പയും കൂടുതൽ ഉദാര മായ വ്യവസ്ഥകളോടെ ലഭ്യ മാക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിലേക്കായി നോർക്ക വകുപ്പും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയും സംയുക്തമായി ഒരു പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായുള്ള ആദ്യ യോഗം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ആഭിമുഖ്യത്തിൽ 07.02.2011-ൽ തിരുവനന്തപുരത്തുവച്ച് നടക്കുകയും പദ്ധതിയുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം - കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 159 - 17.02.2011 - ലെ മറുപടിക്ക്**

**13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി**<br>**ശ്രീ. യു. സി. രാമൻ**<br>**ശ്രീ. പി. കെ. അബ്ദുറബ്ബ്** | **ഡോ. തോമസ് ഐസക്,**<br>**ധനകാര്യ വകുപ്പുമന്ത്രി** |
| (എ) 13-ാം കേന്ദ്ര ധന കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ ധന അച്ചടക്ക നിബന്ധനകളുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ പൊതു താല്പര്യത്തിന് ദോഷകരമുണ്ടാക്കുന്നതായി കണ്ടെത്തിയ നിബന്ധനകൾ ഏതെല്ലാമെന്നും അതിനുള്ള കാര്യകാരണങ്ങളും വിശദീകരിക്കാമോ ; | ഉണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂക്കമ്മി ക്രമമായി കുറച്ച് 2014-15-ഓടെ ഇല്ലാതാക്കേണ്ടതും ധനക്കമ്മി 2013-14-ഓടെ ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. സംസ്ഥാനത്തിന്റെ കടബാധ്യത ക്രമമായി കുറച്ച് 2014-15-ൽ GSDP യുടെ 29.8 ശതമാനമായി കുറയ്ക്കാനും സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണ്. ഇതിനനുസൃതമായി ധന ഉത്തരവാദിത്വ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. റവന്യൂക്കമ്മി സംബന്ധിച്ച നിബന്ധനകൾ സംസ്ഥാനത്തിന്റെ സാമൂഹ്യ വികസന മേഖലകളിലെ റവന്യൂ ചെലവിന്മേൽ നിയന്ത്രണങ്ങൾക്ക് കാരണമായേക്കാം. ധനക്കമ്മിയേയും കടബാധ്യതയേയും സംബന്ധിച്ച നിബന്ധനകൾ സർക്കാരിന്റെ വായ്പയെടുക്കാനുള്ള പരിമിതമായ സ്വാതന്ത്ര്യത്തിന്മേലും നിയന്ത്രണങ്ങൾക്ക് കാരണമാകും. കടബാധ്യത 29.8 ശതമാനമായി കുറയ്ക്കണമെന്ന നിബന്ധനമൂലം സംസ്ഥാനത്തിന് അനുവദനീയമായ 3 ശതമാനം കടമെടുക്കൽപോലും സാധ്യമല്ലാതാകുന്ന സാഹചര്യമുണ്ടായേയ്ക്കാം. |

<table>
<tr>
<td>(ബി) സംസ്ഥാനം വായ്പയെടുക്കുന്ന കാര്യത്തിൽ ആഭ്യന്തര ഉല്പാദനവുമായി ബന്ധപ്പെടുത്തുന്ന വ്യവസ്ഥയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;</td>
<td>സംസ്ഥാനത്തിന്റെ വായ്പാപരിധി മൊത്തം ആഭ്യന്തര ഉത്പാദനവുമായി ബന്ധപ്പെടുത്തുന്ന വ്യവസ്ഥ 13-ാം ധനകാര്യകമ്മീഷൻ ശുപാർശകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ പ്രകാരം വായ്പയെടുക്കുന്നതിനുള്ള ഉയർന്ന പരിധി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിശ്ചിത ശതമാനമായി താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.(ശതമാനത്തിൽ).
<table>
<tr><th>സാമ്പത്തിക വർഷം</th><th>ആഭ്യന്തര ഉല്പാദനത്തിന്റെ ശതമാനം</th></tr>
<tr><td>2011-12</td><td>3.5</td></tr>
<tr><td>2012-13</td><td>3.5</td></tr>
<tr><td>2013-14</td><td>3.0</td></tr>
<tr><td>2014-15</td><td>3.0</td></tr>
</table>
</td>
</tr>
<tr>
<td>(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉല്പാദനത്തിൽ ഓരോ വർഷവുമുണ്ടായ വർദ്ധന എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര ഉല്പാദനത്തിൽ ഓരോ വർഷവുമുണ്ടായ വർദ്ധനവ് താഴെ നൽകുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>നിലവിലെ വിലനിലവാരമനുസരിച്ച്</th><th>സ്ഥിരവില നിലവാരമനുസരിച്ച്</th></tr>
<tr><td>2006-07</td><td>12.38</td><td>7.9</td></tr>
<tr><td>2007-08</td><td>13.89</td><td>8.77</td></tr>
<tr><td>2008-09</td><td>14.78</td><td>7.22</td></tr>
<tr><td>2009-10</td><td>14.57</td><td>9.73</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| **(ഡി)** കൂടുതൽ വായ്പയെടുക്കുന്ന കാര്യത്തിൽ ധന അച്ചടക്ക നിബന്ധനകളിൽ ഇളവ് നൽകണ മെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണമെന്തായിരുന്നു വെന്ന് വ്യക്തമാക്കുമോ ; | 2011-12-ൽ വായ്പാപരിധി മൊത്തം ആഭ്യന്തര ഉല്പാദ നത്തിന്റെ നാല് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണമല്ല ലഭി ച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 160

17-02-2011 -ൽ മറുപടിയ്ക്ക്

## ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ഷാജു<br>ശ്രീ. കെ ബി.ഗണേഷ്കുമാർ | ശ്രീ. സി.ദിവാകരൻ<br>ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ ; | (എ) വ്യാപാര, വ്യവസായ, വാണിജ്യ മേഖലകളിൽ ഉപയോഗിക്കുന്ന അളവു തൂക്ക ഉപകരണങ്ങൾ നിശ്ചിത സ്റ്റാൻഡേർഡുകളുമായി നിശ്ചിത കാലാവധിയ്ക്കുള്ളിൽ ഒത്തുനോക്കി കൃത്യതയും, സ്റ്റാൻഡേർഡും ഉറപ്പു വരുത്തി മുദ്ര ചെയ്ത് നൽകുക, അളവു തൂക്ക നിയമലംഘനം, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസിന്റെ ലംഘനം എന്നിവ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക എന്നിവയാണ് ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും. |
| (ബി) ഇവ നിർവഹിക്കുന്നതിൽ പ്രസ്തുത വകുപ്പിന് ലക്ഷ്യം കൈവരിയ്ക്കുവാനായോ എന്നു വിശദമാക്കുമോ ; | (ബി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തി കൈവരിക്കാവുന്ന പരമാവധി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ മൂന്നു കോടിയിലധികം വരുന്ന ജനങ്ങളുടെ ഉപഭോക്തൃ സംരക്ഷണത്തിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ ; | (സി) യും (ഡി) യും | പര്യാപ്തമല്ല. ഇത് പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലീഗൽ മെട്രോളജി വകുപ്പിൽ വർക്ക് സ്റ്റഡി നടത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) ഇല്ലെങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:-161 17-02-2011-ൽ മറുപടിയ്ക്ക്

### ഭരണ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.മാണി | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണപരിഷ്കരണ കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനാണ് നടപടി സ്വീകരിച്ചത് ;<br>ബി) എന്തെല്ലാം ശുപാർശകളാണ് നാളിതുവരെ നടപ്പാക്കിയത് ; | (എ) യും (ബി) യും | കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കാനും നിയമ പരിഷ്ക്കാര കമ്മീഷൻ രൂപീകരിച്ചു. ഭരണ വകുപ്പിൻെറയും വകുപ്പദ്ധ്യക്ഷൻമാരുടെയും ധനപരമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു. ഓഫീസുകളിൽ അറ്റൻഡൻസ് പരിശോധന കർശനമാക്കി. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾ നൽകുന്ന അപേക്ഷ/പരാതി/ നിവേദനം തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ പുനസ്ഥാപിച്ചിട്ടുണ്ട്. ഭരണ പരിഷ്ക്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിൻെറ ഭാഗമായി കേരള അഡ്മിനി സ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇത് 2010 ആഗസ്റ്റ് 26-ന് നിലവിൽ വന്നതായി കേന്ദ്ര സർക്കാർ വിജ്ഞാപനം |

പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഭരണ പരിഷ്ക്കാര നടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടോ യെന്ന് പരിശോധിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പു കളിലും സ്ഥാപനങ്ങളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിത പ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുവാൻ നാളിതുവരെ എന്തു തുക ചെലവ് ചെയ്തു ;

(സി) കണക്കാക്കപ്പെട്ടിട്ടില്ല

ഡി) ഇതിൽ എന്തെല്ലാം ശുപാർശകൾ പൂർണ്ണമായി നടപ്പാക്കി ;

(ഡി) 1997-ൽ ശ്രീ.ഇ.കെ.നായനാർ ചെയർമാനായി രൂപീകരിച്ച 3-ാമത് ഭരണ പരിഷ്ക്കാര കമ്മറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പറുകളായുള്ള റിപ്പോർട്ടു കളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്

ഇ) ഇനി ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുണ്ട് ?

(ഇ) റവന്യൂ, ലാൻറ്ബോർഡ്, റജിസ്ട്രേഷൻ, സർവേ ആൻറ് ലാൻറ് റിക്കാർഡ്സ്, സിവിൽ

സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ, ഉദ്യോഗസ്ഥ തല പരിഷ്ക്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്ക്കാരം സംബന്ധിച്ച പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ നവികരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്. ഇവ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 162** **17.2. 2011 ൽ മറുപടിക്ക്**

**തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ**

**ചോദ്യം**

ശ്രീ.എം.പ്രകാശൻ മാസ്റ്റർ
ശ്രീ.എം.ദിനേശ് മണി
ശ്രീ. ആർ.സെൽവരാജ്
ശ്രീ. പി.വിശ്വൻ

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള
(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) | തുറമുഖങ്ങളുടെ വികസനത്തിനായി ആദ്യ ഘട്ടത്തിൽ വികസന സാദ്ധ്യതയുള്ള 5 തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളാണ് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. തലശ്ശേരി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളുടെ പൈതൃകം നിലനിർത്തി ടൂറിസം ഹെറിറ്റേജ് പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ PPP അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു. മറ്റ് തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനാവശ്യമുള്ള ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരവും, അടിസ്ഥാന സൗകര്യ വികസനം KSEB, KWA, KRFB, RVNL തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുകയും തുറമുഖ ഓപ്പറേറ്ററെ പി.പി.പി മാർഗ്ഗത്തിലൂടെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി | തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | ബി | തുറമുഖ നയപ്രകാരം മൈനർ തുറമുഖങ്ങളുടെ സമ്പൂർണ്ണ വികസനത്തിനു വേണ്ടിവരുന്ന ഭീമമായ തുക മൊത്തമായി കണ്ടെത്താൻ സർക്കാരിന് സാധിക്കുകയില്ല. അതിനാൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള PPP മാതൃകയിലുള്ള വികസനമാണ് തുറമുഖ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | സി | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തലശ്ശേരി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| ഡി | ഏതെല്ലാം തുറമുഖങ്ങളുടെ വികസന-നവീകരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത് ; | ഡി | അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം, എന്നീ തുറമുഖങ്ങളുടെ വികസന നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. |
| ഇ | തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഇ | അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതം കൂടാതെ കേന്ദ്ര സർക്കാർ പദ്ധതികളായ ASIDE, TRP, TEAP എന്നിവ വിനിയോഗിച്ച് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത തുറമുഖങ്ങളിൽ വാർഫ്, യാർഡ്, ജലസംഭരണി, ചുറ്റുമതിൽ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം നടന്നുവരുന്നു. കൂടുതൽ ശേഷിയുള്ള കപ്പലുകൾ അടുക്കുന്നതിനാവശ്യമായ ആഴം ലഭ്യമാക്കുന്നതിന് ഡ്രഡ്ജിംഗ് നടത്തിവരുന്നു. കൂടാതെ നാല് തുറമുഖങ്ങളിൽ മൊബൈൽ ക്രെയിൻ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പുതിയ മൾട്ടി പർപ്പസ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ് എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. വിവിധ തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായിവരുന്ന സ്ഥലമെടുപ്പിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ :163

17..2..2011-ൽ മറുപടിയ്ക്ക്

## "ശബരിമല മാസ്റ്റർ പ്ലാൻ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ : | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി. | |
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര ഏക്കർ വനഭൂമി അനുവദിച്ചിട്ടുണ്ട്; | (ബി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും പെരിയാർ കടുവ സങ്കേതത്തിൽ ഉൾപ്പെട്ട പമ്പ-മുതൽ സന്നിധാനം വരെയുള്ള 12.675 ഹെക്ടർ വനഭൂമിയും അനുവദിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ വനഭൂമി അനുവദിക്കണമെന്ന് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്; | (ഡി) | ചോദ്യം ഉദിക്കുന്നില്ല. |
| (ഇ) | മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികളാണ് ആവശ്യമായിട്ടുള്ളത് ? | (ഇ) | ശബരിമല മാസ്റ്റർ പ്ലാൻ 50 വർഷ കാലയളവിലേക്കുള്ള ഒരു ബ്രഹത് പദ്ധതിയാണ്. ഘട്ടം ഘട്ടമായി നടപ്പിലാക്കേണ്ട ഈ പദ്ധതിയിലുൾപ്പെട്ട വിവിധ ദീർഘകാല പ്രവർത്തികൾക്ക് ഭാവിയിൽ കേന്ദ്രാനുമതിയോ, വനഭൂമിയോ ആവശ്യമായി വരുന്നപക്ഷം അത് തേടേണ്ടതായി വരും. |

സെക്ഷൻ ഓഫീസർ

-5-

No. 70/PS/C.M/2011

Copy to P.S. M (Devaswom)

N.C. Paid P.S. to C.M.

जयराम रमेश
JAIRAM RAMESH

No. 85/11/M/DPS.

सत्यमेव जयते

राज्य मंत्री (स्वतंत्र प्रभार)
पर्यावरण एवं वन
भारत सरकार
नई दिल्ली-110003
MINISTER OF STATE (INDEPENDENT CHARGE)
ENVIRONMENT & FORESTS
GOVERNMENT OF INDIA
NEW DELHI - 110 003

D.O. No. 5-28/2003-PT (Part) 1st February, 2011

8298/2011/RD 11/2

My dear Shri Achuthanandanji —

The recent stampede near Sabarimala resulting in the death of a large number of pilgrims is alarming, while being a cause for very serious concern. As you may be aware, the pilgrim visitation to Sabarimala shrine has been increasing considerably over the years with the festive seasons receiving the maximum influx.

The Public Accounts Committee visited Sabarimala and made several observations / recommendations for improving the pilgrim visitation (18th Report/PAC/2005-06/14th Lok Sabha/1.12.2005). The Ministry of Environment and Forests, in consultation with the Travancore Devaswom Board and State Government decided on evolving a holistic Master Plan drawn by professionals in the field, while creating a high level coordination mechanism in the State for its implementation. An amount of Rs.57 lakhs (100% Central Assistance) was released to the State for preparation of the Master Plan. **Further, an area of 12.675 ha. of forest land within the Periyar Tiger Reserve, and 110.524 ha. of forest land at Nilakkal has been permitted for diversion by this Ministry towards implementing the said Master Plan. This is in addition to 126.681 ha. of forest land already made available, time and again, within the Periyar Tiger Reserve for facilitating the pilgrims. The State Government has also accepted the said Master Plan for implementation.**

The Additional Chief Secretary (Dev.) Examine & put up 4/2/11

RAMACHANDRAN KADANNAPPALLY MINISTER DEVASWOM, PRINTING & STATIONERY

I had sent the Member-Secretary, National Tiger Conservation Authority for a field appraisal recently. The Master Plan implementation is not happening in a time-bound manner. It should be appreciated that the Master Plan has been drawn up by a professional agency after extensive due diligence and consists of various modules, which interalia, includes: traffic and transportation, solid waste management and water supply, sanitation, amenities and services, besides commercial, health, fire fighting, energy and communication aspects. Further, there are: landscape module, built fabric analysis module, disaster management guidelines and a vision document upto 2050. A faithful and timely implementation of this Master Plan would have prevented any kind of disaster in the area. Further there is a need for effectively monitoring the implementation of the said Master Plan. The TDB has not ensured sanitation in the area, and the Pamba river in its vicinity are extremely polluted with human excreta and garbage. The Pamba river cleaning programme has also not gained momentum despite the fact that an amount of Rs.18.45 crore has been sanctioned in May, 2003 with a Central release of Rs. 378 lakhs.

-7-

The recent stampede resulting in the tragic loss of so many lives at Uppupara has reportedly occurred due to temporary blockade in the pathway near Uppupara. There has been an increased congregation of thousands of people at the said site for viewing the 'Makaravilakku', owing to the use of an extraction forest path from the 4th Mile point on the nearby Vallakadau-Vandi Periyar Highway.

In this context, the following actions are suggested:

(a) Implementation of the Master Plan in a time-bound manner in a project mode, by appointing a CEO with a complement of executing officials, since the TDB is unable to perform the task.
(b) The financial assistance for the Master Plan implementation project (including Pamba river cleaning) may be obtained through a donor agency, in case the TDB / State is not able to provide the funding support.
(c) An independent monitoring mechanism should be created for a quarterly monitoring of the Master Plan implementation.
(d) To avoid stampede at Uppupara in future, the vehicular route from the 4th Mile to Uppupara should be closed, while facilitating visitation from the Sattram entry point as suggested in the Master Plan.

I further wish to add that non-compliance of Master Plan would lead to cancellation of the diversion of forest land accorded by the Ministry. **Any further demand for forest land by the TDB is meaningless at this juncture since the forest land already made available to them is not being used as suggested in the Master Plan.**

I solicit your urgent personal intervention in the matter. The actions suggested above are in the interest of lakhs of Sabarimala pilgrims as well as biodiversity conservation in the area and hence may be considered favourably.

Warm
With regards,

Yours sincerely,

Jairam Ramesh

**(Jairam Ramesh)**

**Shri V.S. Achuthanandan,**
Hon'ble Chief Minister,
Government of Kerala,
Thiruvananthapuram,
Kerala.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.164 17.02.2011- ൽ മറുപടിയ്ക്ക്

മൃഗാശുപത്രികളുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) മൃഗാശുപത്രികളിലൂടെ മെച്ചപ്പട്ട സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) മൃഗാശുപത്രികളുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1) " മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും- മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ" - ടി പദ്ധതി പ്രകാരം മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നു.<br>നടപ്പു സാമ്പത്തിക വർഷം 1700 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം വിനിയോഗിച്ചു വരുന്നു.<br><br>10 കോടി രൂപയ്ക്കുള്ള മരുന്നുകൾ വാങ്ങി മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മൃഗാശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സങ്കേതങ്ങളും |

ലബോറട്ടി സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ വീഡിയോ എൻഡോസ്കോപ്പി സ്കാനർ, എക്സ്റേ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കി ടി കേന്ദ്രങ്ങള നവീകരിച്ചിട്ടുണ്ട്.

കുളമ്പുരോഗം, ആന്ത്രാക്സ് തുടങ്ങിയ കന്നുകാലി രോഗങ്ങൾക്കെതിരെയും കോഴി-താറാവ് രോഗങ്ങൾക്കെതിരെയും പ്രതിരോധകുത്തിവയ്പ് നൽകുന്നതിനുള്ള സംവിധാനം മൃഗാശുപത്രികളിൽ ഏർപ്പാടാക്കി. അകിടുവീക്ക രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനുമുള്ള സൗകര്യങ്ങൾ മൃഗാശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

11 പുതിയ വെറ്ററിനറി ഡിസ്പെൻസറികൾ ആരംഭിക്കുകയും ഒരു വെറ്ററിനറി ഹോസ്പിറ്റൽ വെറ്റിറിനറി പോളീക്ളിനിക്കായി ഉയർത്തുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മൃഗചികിത്സാ സൗകര്യം ഉറപ്പാക്കി.

മൃഗാശുപത്രികളിൽ ഫർണിച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെയും ലൈവ്സ്റ്റോക്ക് ഇൻസ്പെകടർമാ

രുടെയും ഒഴിവുകൾ നികത്തുനനതി നുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവന-ഗുണനിലവാരം മെച്ചപ്പെ ടുത്തുന്നതിനായി സംസ്ഥാനത്തിന കത്തും പുറത്തുമുള്ള പരിശീല ന-ഗവേഷണ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകി വരുന്നു.

പ്രധാന കേന്ദ്രങ്ങളിലുള്ള മൃഗാശു പത്രികളോടനുബന്ധിച്ച് ആശുപത്രി വികസന സമിതികൾ രൂപീകരിച്ചി ട്ടുണ്ട്.

ജില്ലാ തലത്തിലും വകുപ്പദ്ധ്യക്ഷ ൻെറ തലത്തിലും സർക്കാർതല ത്തിലും മൃഗാശുപത്രികളുടെ പ്രവർ ത്തനങ്ങൾ കൂടെക്കൂടെ അവലോ കനം ചെയ്യുന്നുണ്ട്.

2) <u>" നിലവിലുള്ള മൃഗാശുപത്രികൾ ശക്തിപ്പെടുത്തുന്നതിനുള്ള കേന്ദ്ര പദ്ധതി ".</u>

നിലവിലുള്ള വെറ്ററിനറി ഡിസ്പെ ൻസറികളുടെയും ഹോസ്പിറ്റലുകളു ടെയും നവീകരണത്തിനായി കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിക്കു കയും 7.79 കോടി രൂപയുടെ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടു ണ്ട്.

75% കേന്ദ്രാവിഷ്കൃത പദ്ധതി ക്കായി സംസ്ഥാന വിഹിതം ഉൾ പ്പെടെ ആകെ 10.25 കോടി രൂപ

യാണ് വേണ്ടി വരുന്നത്. ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 100 വെറ്ററിനറി ഡിസ്പെൻസറുകളും 50 വെറ്ററിനറി ഹോസ്പിറ്റലുകളും അറ്റകുറ്റ പണികൾ നിർവ്വഹിച്ചും ഉപകരണങ്ങൾ ലഭ്യമാക്കിയും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. .

3) കേന്ദ്രാവിഷ്കൃത പദ്ധതിയായ " നാഷണൽ ആനിമൽ ഡിസീസ് റിപ്പോർട്ടിംഗ് സിസ്റ്റം " **(NADRS)**

ടി പദ്ധതി പ്രകാരം രോഗബാധകൾ റിപ്പോർട്ട് ചെയ്യുന്നതിനും സമയബന്ധിതമായി രോഗനിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിനാമയി ബ്ലോക്ക് തലം മുതൽ സംസ്ഥാന തലം വരെയുള്ള മൃഗചികിത്സാ കേന്ദ്രങ്ങളെയും ലബോറട്ടറികളെയും സംയോജിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനം ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്ററി **(NIC)** -നെയാണ് ഇതിന്റെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

4) ഭക്ഷ്യ സുരക്ഷാ പദ്ധതി:-

പാൽ, മുട്ട,മാംസം എന്നീ മൃഗ ഉല്പന്നങ്ങളുടെ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിനായി കന്നുകാലികളുടെ ആരോഗ്യസംരക്ഷണത്തിന് ഊന്നൽ

കൊടുക്കുന്ന ഒരു ഘടകം ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം കന്നുകാലി ചികിത്സാ സൗകര്യങ്ങൾ അപ്രാപ്യമായ സ്ഥലങ്ങളിൽ ആരോഗ്യരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ക്ഷീരകർഷകർ നടത്തുന്ന ഫാമുകൾ സന്ദർശിച്ച് ചികിത്സയും ഉപദേശവും നൽകുന്നതിനും നടപടി സ്വികരിച്ചുവരുന്നു. ടി പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ വിനിയോഗിച്ചു വരുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ചികിത്സാ സേവനം നിർബന്ധമായും ലഭ്യമാക്കുന്നതിനായി കർഷകർക്ക് വെറ്ററിനറി ഡോക്ടർമാരെ ടെലിഫോണിലൂടെ ബന്ധപ്പെടുത്തുന്നതിനുള്ള സൗജന്യ നിരക്കിലുള്ള ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര മൃഗാശുപത്രികൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി 11 വെറ്റിനറി ഡിസ്പെൻസറികൾ ആരംഭിക്കുകയും ഒരു വെറ്ററിനറി ഹോസ്പിറ്റൽ പോളീക്ലിനിക്കായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ എണ്ണത്തിൽ സംസ്ഥാനത്ത് എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (സി) | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം സംസ്ഥാനനത്തിന് പുറത്തു നിന്ന് കൊണ്ടു വന്ന കന്നുകാലികൾ വഴി അരലക്ഷത്തോളം കന്നുകാലികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗോസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനം കൈവരിച്ച നേട്ടം വ്യക്തമാക്കുമോ; | (ഡി) | കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസുരക്ഷ. കന്നുകാലികളുടെ രോഗം, മരണം എന്നിവ മൂലം ഉണ്ടാവുന്ന നഷ്ടത്തിന് ഈ പദ്ധതി മൂലം പരിരക്ഷ ലഭിക്കുന്നു. ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയം തുകയുടെ 50% മാത്രം കർഷകർ നൽകിയാൽ മതിയാവും. ബാക്കി 50% സബ്സിഡിയായി സർക്കാർ നൽകുന്നു. മൃഗസംരക്ഷണ വകുപ്പും കന്നുകാലി വികസന ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>2006-07 വർഷത്തിലാണ് സംസ്ഥാനത്ത് ഗോസുരക്ഷ പദ്ധതി നടപ്പിലാക്കിതുടങ്ങിയത്. ആദ്യഘട്ടത്തിൽ പാലക്കാട്, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2008-09 വരെ 1,08,739 ഉരുക്കളെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തു. 2009-10 മുതൽ കൊല്ലം,ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പിലാക്കുകയും 27,942 ഉരുക്കളെ ഇൻഷ്വർ ചെയ്യുകയും ചെയ്തു.<br>വീണ്ടും 2010-11 വർഷം മുതൽ മലപ്പുറം, കാസർഗോഡ്,പത്തനംതിട്ട ഒഴികെയുള്ള 11 ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. 2010 ഡിസംബർവരെ 1,05,800 കന്നുകാലികളെ ഇൻഷ്വർ ചെയ്തു. മലപ്പുറം, |

കാസർഗോഡ്,പത്തനംതിട്ട ജില്ലകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് 2011 ജനുവരി മുതൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതിനോടകം 5011 കന്നുകാലികളെ ടി ജില്ലകളിൽ ഇൻഷ്വർ ചെയ്തു കഴിഞ്ഞു. 2006-07-ൽ 61.93 ലക്ഷം രൂപയും 2007-08-ൽ 30.10 ലക്ഷം രൂപയും 2008-09-ൽ 19.03 ലക്ഷം രൂപയും 2009-10-ൽ 14.87 ലക്ഷം രൂപയും ഇൻഷ്വറൻസ് ക്ളെയിമായി നൽകിയിട്ടുണ്ട് . 14 ജില്ലകളിലും പദ്ധതി നടത്തിപ്പ് തുടർന്നു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | മൃഗാശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | എല്ലാ വർഷവും ബഡ്ജറ്റിൽ ഒരു നിശ്ചിത വിഹിതം മരുന്നുകൾ വാങ്ങുന്നതിനായി നീക്കി വയ്ക്കുകയും മരുന്നുകൾ വാങ്ങി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം ' മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും' എന്ന പദ്ധതിയിൽ 10 കോടി രൂപ മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 165

17/02/2011 ൽ മറുപടിക്ക്

## വിലവിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്ത വർക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | : | ശ്രീ. സി. ദിവാകരൻ |
| ശ്രീ. എസ്. രാജേന്ദ്രൻ | : | (ഭക്ഷ്യവും, സിവിൽ സപ്ലൈസും |
| ശ്രീ. ബി. രാഘവൻ | : | മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| ശ്രീ. കെ. ടി. ജലീൽ | : | |

| | | |
|---|---|---|
| (എ) കച്ചവട സ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്ത വർക്കെതിരെ നടപടി സ്വീകരി ക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ വർഷം ഇതു വരെ സംസ്ഥാനത്തൊട്ടാകെ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെ ടുത്തുമോ; | (ബി) | ഈ വർഷം ഇതുവരെ (4/2010 മുതൽ 12/2010 വരെ) 839 സ്ഥാപനങ്ങൾക്കെ തിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) വ്യാപാര സ്ഥാപനങ്ങളിലെ സ്റ്റോക്ക് വിവരം പരിശോധി ക്കുന്നതിനുള്ള സംവിധാനം എന്താണ്; | (സി) | കച്ചവട സ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്തവർക്കെതിരെ 1977 ലെ കേരളാ എസൻഷ്യൽ കമ്മോഡിറ്റീസ് (മെയ്ന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. അവശ്യസാധന നിയമത്തിലെ വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം ലൈസൻസിംഗ് സമ്പ്രദായവും സ്റ്റോക്ക് ലിമിറ്റും നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിലെ ഫിസിക്കൽ സ്റ്റോക്ക് |

പരിശോധിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നുണ്ട്. കൂടാതെ റൈസ് ഓർഡർ പ്രകാരം ഓപ്പൺമാർക്കറ്റിലെ അരി വ്യാപാരികൾ സർക്കാരിൽ റിട്ടേൺസ് ഫയൽ ചെയ്യണമെന്ന നിബന്ധന ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | **പൊതുവിപണിയിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനും അവശ്യവസ്തു നിയമം അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ?** | (ഡി) | പൊതുവിപണിയിലെ പരിശോധന ഊർജ്ജിതമാക്കാനും അവശ്യവസ്തു നിയമം അനുസരിച്ച് നടപടി സ്വീകരിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരിശോധനകൾ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166 — 17.02.2011-ൽ മറുപടിയ്ക്ക്

## കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലം പ്ലാച്ചിമടയിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

**ചോദ്യം**

ശ്രീ. എ.എം.യൂസഫ്
ശ്രീ. എം.ചന്ദ്രൻ
ശ്രീ. ബി.ഡി.ദേവസ്സി
ശ്രീ. എം.ഹംസ

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
ബഹു. മുഖ്യമന്ത്രി

| | |
|---|---|
| എ) കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലം പ്ലാച്ചിമടയിലുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | എ) & ബി) കമ്മിറ്റി ശുപാർശയുടെയും കണ്ടെത്തലുകളുടേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) വിവിധ മേഖലകളിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സമിതിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | |
| സി) വ്യക്തികൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; | സി) നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന ശുപാർശയിൻമേൽ നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) 2004 മാർച്ച് മുതൽ കമ്പനി പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Recommendations and Observations of the High Power Committee Report

- The Coca Cola Company at Plachimada has been causing environmental degradation by over extraction of ground water and irresponsible disposal of the sludge.
- The Coca Cola Company is culpable under several laws in force.
- The water resources of the area have been affected and the water scarcity has been compounded.
- By passing off the sludge as manure, the Company has not only misguided the farmers but has become responsible for the soil degradation, water contamination and consequential loss of agriculture.
- There has been a steady decline in the agriculture production in the area.
- The production of milk, meat and eggs also has suffered.
- Metals like cadmium, lead and chromium have been detected in the sludge and this has affected the health of the people.
- The general health of the people has been affected with skin ailments, breathing problems and other debilities.
- Low birth weight of children has also been noticed.
- Environment of the Village has acutely been damaged by polluting water and soil.
- Drinking water has become scarce and women have to walk long distances and this has deprived them of their wages, and this needs to be compensated.
- Children have dropped out of the school on account of the social, health and economic factors caused by the pollution and this opportunity cost has to be compensated.
- The Grama Panchayath has been providing drinking water in tanker lorries ever since the wells and water bodies have been rendered useless by the Company by its extraction of water and disposal and effluents.
- The actual economic loss on account of the depletion of water resources has not been quantified but its proxies have been used.
- The compensation that could be claimed on various losses has been calculated as below:

Agriculture loss : Rs.84.16 crores
Health damages : Rs.30.00 crores
Cost of providing water: Rs.20.00 crores

Wage loss and opportunity cost : Rs.20.00 crores
Cost of pollution of the water resources: Rs.62.10 crores
Total : Rs.216.26 crores.

- There are sufficient provisions under the existing laws to claim this compensation of these damages from the Company under the "polluter pays principle."
- It is desirable to set up a dedicated institution to adjudicate the individual claims . Such a dedicated mechanism could either be
  - (a) a Tribunal under Article 323 B of the Constitution of India to be legislated by the State Legislature, or
  - (b) an Authority under Section 3 (3) of the Environment (Protection) Act, 1986 to be created by the Central Government.
- Once Government decides on a suitable mechanism and it comes into being, individual claims will have to be assessed and actual compensation decreed and the polluter Company made to pay it.
- The Company located in this drought-prone area, should not resume its operation ."

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 167 — 17.02.2011 - ൽ മറുപടിക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. കുഞ്ഞിരാമൻ**<br>**ശ്രീമതി. കെ. എസ്. സലീഖ**<br>**ശ്രീമതി. കെ.കെ. ലതിക**<br>**ശ്രീ. പി. കൃഷ്ണപ്രസാദ്** | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് **കോർപ്പറേഷന്റെ** പ്രവർ**ത്തനം** കാര്യക്ഷമമാക്കു**ന്നതിനും** വിപുലീകരിക്കുന്ന**തിനുമായി** സ്വീകരിച്ചിട്ടുള്ള **നടപടികൾ** വിശദമാക്കുമോ; | (എ) **സപ്ലൈകോയുടെ** പ്രവർത്തനം മെച്ചപ്പെടു**ത്തുന്നതിന് താഴെപ്പറയുന്ന** നടപടികളെടു**ത്തിട്ടുണ്ട്.**<br>1) **കർശനമായ** ധനകാര്യ മാനേജ്മെന്റ് **ഏർപ്പെടുത്തി.** വിജിലൻസ് വിഭാഗം **ശക്തിപ്പെടുത്തുക** വഴി ആഡിറ്റ് **സംവിധാനം കൃത്യമായ** രീതിയിൽ **ശക്തിപ്പെടുത്തി.** വില്പനയും കണക്കും **ഒത്തുനോക്കൽ, ശാസ്ത്രീയ ഇൻവെന്ററി** സംവിധാനം, പർച്ചേസ് **മാനേജ്മെന്റ്** സംവിധാനം, നൂതന ശാസ്ത്രീയ **വിലനിർണ്ണയം, ഡിപ്പോകൾ** ലാഭകേന്ദ്ര**ങ്ങളാക്കിയത്. ഓരോ ഡിപ്പോക്കും** പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, **കൃത്യമായ** ധനവിനിമയം, **എന്നിവ കൊണ്ട് അഴിമതിരഹിതമായ ഒരു** പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.<br>2) **കോർപ്പറേഷൻ** ആവിഷ്കരിച്ച പുതിയ ഇൻവെന്ററി നയം കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി **സ്റ്റോക്ക് ഉറപ്പുവരുത്തുന്നു.** പർച്ചേ**സിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതക്കുവേണ്ടി ഇ-പർച്ചേസ്, ഇ-പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ** കണക്കാക്കി |

കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനായി NCDEX, MCX സംഭരണകേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു.

3) ശാസ്ത്രീയമായ ഇൻ്റവെൻ്ററി മാനേജ്മെൻ്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.
4) ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പന ശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
5) നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾക്കുപുറമേ 9 പുതിയ മാവേലി സ്റ്റോറുകൾ കൂടി നിലവിൽ വന്നു. ഇതു വഴി സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ ഉപഭോക്താക്കൾക്ക് വിലക്കുറവിൻ്റെ പ്രയോജനം ഉറപ്പുവരുത്തി.
6) ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു വിപണനശാലകൾ, ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചതുവഴി വൻകിടത്തുക കമ്പനികളുടെ പ്രവർത്തനങ്ങളുമായി കിടപിടിക്കാൻ സാധിച്ചു.
7) കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്നതും കൂടുതൽ വിൽപ്പന സാദ്ധ്യതയുള്ളതുമായ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിച്ചു.
8) എല്ലാ വിൽപ്പനശാലകളിലും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഓരോ സാധനങ്ങൾക്കും ബാർകോഡിംഗ് ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വേഗത്തിൽ ബിൽ നൽകി സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നു.
9) ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി.

10) വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിനു നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

11) ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിലപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസിലാക്കികൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

12) എല്ലാ വിൽപ്പനശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുകയും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് ആകർഷകമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്.

13) സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ വിൽപ്പനശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, ആധുനിക റാക്കുകൾ എന്നിവ ഏർപ്പെടുത്തി ആകർഷകമാക്കി.

14) എല്ലാ വിൽപ്പനശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസ്സുകൾ ഏർപ്പെടുത്തി.

15) സൂപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

16) സാധാരണക്കാർക്ക് അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്കു വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 50% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും MRP യേക്കാൾ 3-7% വരെ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു.

17) വിൽപ്പനശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ/ ഹെഡാഫീസും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിൽപ്പനശാലകളുടേയും ഡിപ്പോകളുടെയും പ്രവർത്തനം തത്സമയം അവലോകനം

ചെയ്യാൻ കഴിയുന്നു.

18) പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/ പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

19) ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 2005-06 -ൽ 701 കോടി രൂപയായിരുന്നത് 2009-10-ൽ 2284 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

| | |
|---|---|
| (ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വില്ക്കുന്നതിനായി എത്ര വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു; വിശദാംശം നൽകുമോ; | (ബി) 871 മാവേലി സ്റ്റോറുകൾ, 343 സൂപ്പർ മാർക്കറ്റുക, 13 പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ്, അപ്നാ ബസാർ, പ്രീമിയം, 13 പെട്രോൾ ബങ്കുകൾ, 8 സഞ്ചരിക്കുന്ന മാവേലിസ്റ്റോർ, 3 എൽ.പി.ജി. ഔട്ട്ലെറ്റ് തുടങ്ങി 1346 ചില്ലറ വിൽപ്പന കേന്ദ്രങ്ങളാണ് സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നത്. ഇതു കൂടാതെ 1700 ഓളം ARD ശബരി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് എത്രയാണ്; | (സി) 2010-11 സാമ്പത്തിക വർഷത്തിൽ ജനുവരി 2011 വരെ വിറ്റുവരവ് 1808 കോടി രൂപയാണ്. |
| (ഡി) മെച്ചപ്പെട്ട അരി ഇനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (ഡി) സപ്ലൈകോ വിൽപ്പനശാലകൾ വഴി സോർട്ടക്സ് ഇനത്തിലുള്ള പച്ചരി, ബോധന, മട്ട എന്നീയിനം അരിയാണ് കിഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. |
| (ഇ) സപ്ലൈകോയുടെ നിയന്ത്രണത്തിൽ ആധുനിക ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ? | (ഇ)ഹൈപ്പർ മാർക്കറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ഹൈപ്പർ മാർക്കറ്റ് 8/09-ൽ പ്രവർത്തനം ആരംഭിച്ചു. കോട്ടയം ഹൈപ്പർ മാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 15-നും തിരുവനന്തപുരം ഹൈപ്പർ മാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം 14/02/2011-നും നടത്തുകയുണ്ടായി. മറ്റുള്ളവയുടെ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 168 17.2.2011-ൽ മറുപടിയ്ക്ക്

കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ജോർജ് .എം.തോമസ് | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 52 കോടി രൂപാ ചെലവിൽ കേരള ഫീഡ്സ് ലിമിറ്റഡ് കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയുടെ പണി പൂർത്തീകരിക്കുന്നു. പ്രസ്തുത ഫാക്ടറിയുടെ ഉത്ഘാടനം ഫെബ്രുവരി 15-ാം തീയതി നടന്നു. കൂടാതെ മിൽമയുടെ ഉടമസ്ഥതയിൽ പാലക്കാട് മലമ്പുഴയിലും ആലപ്പുഴ പട്ടണക്കാടും ഉള്ള 300 ടൺ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികളിലെ ഉൽപ്പാദനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) കേരള ഫീഡ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) | കേരള ഫീഡ്സ് കാലിത്തീറ്റ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കല്ലേറ്റുംകരയിൽ നിലവിലുള്ള ഫാക്ടറിയുടെ പൂർണ്ണ ഉല്പാദനം സാദ്ധ്യമാക്കുന്നതിന് അനുബന്ധ സജ്ജീകരണങ്ങൾ പൂർത്തിയാക്കി ഉത്പാദനം നടത്തിവരുന്നു. |
| സി) കരുനാഗപ്പള്ളിയിൽ ആരംഭിച്ച കാലിത്തീറ്റ പ്ളാന്റിന്റെ ഉൽപ്പാദനശേഷി എത്രയാണ്; ഇപ്പോൾ അവിടെ എത്ര ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | സി) | ഈ ഫാക്ടറി പ്രതിദിനം 300 മെട്രിക് ടൺ കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ ശേഷിയുള്ളതാണ് പ്രസ്തുത ഫാക്ടറിയുടെ ഉത്ഘാടനം 2011 ഫെബ്രുവരി 15-ാം തീയതി നടന്നു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ഡി) | കാലിത്തീറ്റയുടെ വില വർദ്ധനവ് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) | കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങൾ ലാഭകരമായ രീതിയിൽ ലഭിയ്ക്കുന്നതിനും വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | തീറ്റപ്പുൽ കൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ഇ) | തീറ്റപുൽകൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കാൻ മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ലഭ്യമായ സ്ഥലത്ത് തീറ്റപുൽകൃഷി ഊർജ്ജിതപ്പെടുത്തുന്നതിനും ഫോഡർ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അസോള കൃഷി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ തീറ്റപുൽകൃഷിക്കാവശ്യമായ വിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകി വരുന്ന പദ്ധതിയായ ഫോഡർ മിനികിറ്റ് ഡെമോൺസ്ട്രേഷൻ പ്രോഗ്രാം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2009-10 കാലയളവിൽ കേന്ദ്രഗവൺമെന്റിൽ നിന്നും സൗജന്യമായി ലഭിച്ച 40500 കിലോ തീറ്റപ്പുൽ വിത്ത് മൂന്ന് മേഖലായൂണിയനുകളിലും ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലുമായി ആവശ്യാനുസരണം സംഘങ്ങളിലെ കർഷകർക്ക് നൽകുകയുണ്ടായി. ഇതിൽ കൂടുതലും ചോളം, മക്കചോളം, സർഗ്ഗം, കോങ്കോസിഗ്നൽ എന്നീ തീറ്റപ്പുൽ വിത്തുകളായിരുന്നു.<br>തിരുവനന്തപുരം മേഖലായൂണിയൻ-13800 കിലോ<br>എറണാകുളം മേഖലാ യൂണിയൻ -6000 കിലോ<br>മലബാർ മേഖലാ യൂണിയൻ-15040 കിലോ<br>ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം -5760 കിലോ |
| എഫ്) | ഇപ്പോൾ എത്ര ഹെക്ടർ പ്രദേശത്താണ് പുൽകൃഷി നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ? | എഫ്) | മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ ആകെ ലഭ്യമായ 63.32 ഹെക്ടർ സ്ഥലത്ത് തീറ്റ പുൽ കൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ മലബാർ മേഖലയിൽ 352.28 |

ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുകയുണ്ടായി. ക്ഷീരവികസന വകുപ്പു മുഖേന 10.78 കോടി രൂപ ചെലവിൽ 12039 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ വ്യാപിപ്പിക്കാനും അതുവഴി 18 ലക്ഷം മെട്രിക്ക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം :169

17.02.2011-ൽ
മറുപടിക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.പി. അബ്ദുള്ള കുട്ടി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. റ്റി.പി. കുഞ്ഞുണ്ണി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രോഗപീഡ അനുഭവിക്കുന്നവർക്കും അപകടത്തിൽ പരിക്കേറ്റവർക്കും അപകടത്തിൽ മരണമടഞ്ഞ വരുടെ ആശ്രിതർക്കുമാണ് ധനസഹായം അനുവദിക്കുന്നത്. ടി ഫണ്ട് വിപുലപ്പെടുത്തുന്ന തിനും ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ നൽകുന്നതിന് മാധ്യമങ്ങൾ വഴി ആവശ്യപ്പെട്ടതും, ജില്ല കളക്ടറേറ്റിലും, താലൂക്കുകളിലും, വില്ലേജുകളിലും മറ്റും നോട്ടീസ് ബോഡ് സ്ഥാപിച്ചതും, രാജ്യത്തിന് അകത്തും പുറത്തും സംഭവിച്ച പല ദുരന്തങ്ങളിലുംപ്പെട്ട് കഷ്ടത അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ധനസഹായം നൽകിയതും മറ്റും ഇതിന്റെ ഭാഗമായിട്ടാണ്. കൂടാതെ കഴിഞ്ഞ അഞ്ച് വർഷമായി ജീവിതത്തിന്റെ നാന തുറകളിലുമുള്ളവർക്ക് ടി ഫണ്ടിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതും ഇതിന്റെ ഭാഗമായിട്ടാണ്. |
| (ബി) ഈ സർക്കാർ വരുമ്പോൾ ദുരിതാശ്വാസ നിധിയിൽ എത്ര തുക നീക്കിയിരുപ്പുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ വരുമ്പോൾ ദുരിതാശ്വാസനിധിയിൽ 4,40,85,443/- രൂപ (നാലു കോടി നാല്പതു ലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി നാല്പത്തിമൂന്നു രൂപ) നീക്കിയിരുപ്പുണ്ടായിരുന്നു. |
| (സി) ഈ സർക്കാർ വന്ന ശേഷം പ്രസ്തുത നിധിയിലേക്ക് എത്ര രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്; ഇതിൽ സർക്കാരിന്റെ വിഹിതം എത്രയാണ്; | (സി) ഈ സർക്കാർ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 10-02-2011 വരെ ആകെ 105,57,13,977 രൂപ (നൂറ്റി അഞ്ചു കോടി അൻപത്തിയേഴ് ലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയേഴ് രൂപ) |

സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 90,43,19,000/- രൂപ (തൊണ്ണൂറുകോടി നാല്പത്തി മൂന്നു ലക്ഷത്തി പത്തൊൻപതിനായിരം രൂപ) സർക്കാർ സംഭാവനയാണ്

| | |
|---|---|
| (ഡി) ഇതിനകം എത്ര കോടി രൂപ ദുരിതബാധിതർക്കായി വിതരണം ചെയ്തു; ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വർക്കാണ് തുക അനുവദിച്ചത്; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10.02.2011 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 115.28 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്<br>വാർഷിക വരുമാനം ഇരുപതിനായിരം രൂപയിൽ കുറവുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗം ബാധിച്ചവർ, അപകടങ്ങളിൽ പരിക്ക് പറ്റിയവർ, അപകടങ്ങിൽ മരണപ്പെട്ടവരുടെ ആശ്രിതർ, തീപിടിത്തത്തിൽ വസ്തുവകകൾ നശിച്ചവർ, ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകൽ തുടങ്ങിയ വിഭാഗങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ചത്. |
| (ഇ) ദുരിതാശ്വാസ ധനസഹായ വിതരണത്തെ പറ്റി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ആശ്വാസ ധനം ദുരിതബാധിതർക്ക് എത്രയും വേഗം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മൂന്ന് ആഴ്ചയ്ക്കകം താലൂക്കാഫീസുകൾ വഴി ധനസഹായം അപേക്ഷകന് ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഫണ്ടിൻെറ അഭാവമോ പണം കൈപറ്റുമ്പോൾ ഹാജരാക്കേണ്ട കൃത്യമായ തിരിച്ചറിയൽ രേഖ ഇല്ലാത്തതും മറ്റുമാണ് അനുവദിച്ച ധനസഹായം ലഭിക്കുവാൻ ചിലപ്പോൾ വൈകുന്നത്. ഇത്തരം കുറവുകൾ പരിഹരിക്കാൻ സെക്രട്ടേറിയേറ്റിൽനിന്നും കളക്ടറേറ്റിൽ നിന്നും വർഷത്തിൽ രണ്ടു തവണ പരിശോധനകൾ നടത്തി പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.170** — **17/02/2011-ൽ മറുപടിക്ക്**

## തലസ്ഥാന നഗരത്തിന്റെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ:ജോർജ് മേഴ്സിയർ**<br>**ശ്രീ.എൻ:ശക്തൻ**<br>**ശ്രീ.എം:എ:വാഹീദ്**<br>**ശ്രീ വർക്കല കഹാർ** | **ശ്രീ. വി.എസ്.അച്ചുതാനന്ദൻ**<br>**(മുഖ്യമന്ത്രി)** |
| (എ) തലസ്ഥാന നഗരത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന നിർദേശം പരിഗണനയിലുണ്ടോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) തലസ്ഥാന നഗരത്തിന്റേയും തിരുവനന്തപുരം ജില്ലയുടേയും വികസനം സംബന്ധിച്ച നിർദേശങ്ങൾ നൽകാനായി ചുമതലപ്പെടുത്തിയിരുന്ന ക്യാബിനറ്റ് സബ്കമ്മിറ്റി ഇക്കാര്യത്തിൽ എന്തൊക്കെ ശുപാർശകളാണ് നൽകിയിട്ടുള്ളത്; | (ബി) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി നടക്കുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ക്യാബിനറ്റ് സബ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) ജില്ലയുടെ സമഗ്രവികസനം സാക്ഷാത്കരിക്കുന്നതിനായി വിവിധ പദ്ധതികൾക്കാവശ്യമായി വരുന്ന സ്ഥലം ലഭ്യമാക്കാൻ ജില്ലയിൽ ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കണമെന്ന നിർദേശം പരിഗണനയിലുണ്ടോ? എങ്കിൽ ഇതുവരെ ഇതിനായി എന്തു നടപടി സ്വീകരിച്ചു; | (സി) ഇല്ല. |
| (ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികളാണ് സമയ ബന്ധിതമായി നടപ്പിലാക്കാൻ മുൻഗണന നൽകുന്നത് എന്ന് വിശദമാക്കുമോ?. | (ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ട്രിഡ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്..<br>കെ.എസ്.യു.ഡി..പി പദ്ധതിയിൽ ഉൾപ്പെടുത്തി തലസ്ഥാന ജില്ലയുടെ വികസനത്തിനായി 121.64കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. സ്വിവറേജ്, ഡ്രെയിനേജ്, റോഡുകളുടെ നവീകരണം എന്നിവയാണ് പ്രസ്തുത പദധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>ജലവിതരണ പദ്ധതി, സ്വിവറേജ് സ്കീം 1-ാം ഘട്ടം, ഖരമാലിന്യ നിർമ്മാർജനം, സ്വിവറേജ് സ്കീം 2-ാം ഘട്ടം, ആധുനിക ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി എന്നിവയാണ് ജെ.എൻ. എൻ.യു.ആർ. എം. പ്രകാരം തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതികൾ. തലസ്ഥാന മേഖലാ വികസന പദ്ധതി മുഖേന നഗര റോഡുകളുടെ വികസനം , തൈയ്ക്കാട് വൈദ്യുതി ശ്മശാനം പുനരുദ്ധരിക്കൽ, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, കരമന കിള്ളി എന്നീ നദികളുടെയും ഉള്ളൂർ തോടിന്റെയും |

വെള്ളപൊക്കം തടയലും മോടി പിടിപ്പിക്കലും, ഇടവക്കോട് മുതൽ കണ്ണമ്മൂല വരെ ഉള്ളൂർ തോടിന്റെ നവീകരണം, തിരുവനന്തപുരം ബസ് ടെർമ്മിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ തലസ്ഥാന നഗരിയിൽ നടപ്പിലാക്കുന്നു. പൊതുമരാത്ത് വകുപ്പു വഴിയായി തിരുവനന്തപുരം നഗരറോഡു വികസന പദ്ധതി (TCRIP) നടപ്പിലാക്കി വരുന്നു.ഇതിന്റെ ഒന്നാം ഘട്ടം പൂർത്തിയായി രണ്ടാം ഘട്ട പ്രവൃത്തികൾ നടക്കുന്നുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം

1) തലസ്ഥാന നഗരവികസന പദ്ധതി പ്രകാരം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി 42.8 കിലോമീറ്റർ നീളത്തിലുള്ള 13 റോഡുകളുടെ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പിന്റെ പൊന്നുംവില നടപടികൾ ട്രിഡ പൂർത്തീകരിച്ചു.

2) വെള്ളയമ്പലം - തൈക്കാട് റോഡ് വികസനം.

3) മെഡിക്കൽ കോളേജിന് സമീപം നാലുകോടി ചെലവിൽ നിർമ്മിക്കുന്ന ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം.

4) റോഡു വികസനത്തിന് വസ്തു അക്വയർ ചെയ്യുന്നതുമൂലം ഒഴിപ്പിക്കപ്പെട്ട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പാളയം, പേട്ട ജംഗ്ഷൻ, ജനറൽ ആശുപത്രി ജംഗ്ഷൻ എന്നിവിടങ്ങളിൽ നടന്നുവരുന്നു.

5) പേരൂർക്കട, മെഡിക്കൽ കോളേജ്, വട്ടിയൂർക്കാവ്, ശ്രീകാര്യം, തിരുമല ജംഗ്ഷനുകളുടെ വികസനം.

6) കഴക്കൂട്ടം ട്രേഡ് സെന്റർ കം മിനി ബസ്സ്റ്റാന്റ് നിർമ്മാണം.

7) ചാല വെജിറ്റബിൾമാർക്കറ്റ്, ഫ്ളവർമാർക്കറ്റ് നിർമ്മാണം.

8) പേരൂർക്കട - മണ്ണക്കോണം, ശാസ്തമംഗലം - നെട്ടയം - വഴയില റോഡുകളുടെ വികസനം.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 171

17.02.2011 ൽ
മറുപടിയ്ക്ക്

ഐ.ടി.മേഖലയിലെ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ ;<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. എ.എം. ആരിഫ് ;<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഐ.ടി മേഖലയിൽ വൻ തോതിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) ഐ.ടി. ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ 51% ഓഹരി പങ്കാളിത്തത്തോടെ KSITIL എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ 49% ഓഹരികൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്വരൂപിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഏകദേശം 200 കോടി രൂപയോളം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് വഴി ഐ.ടി. രംഗത്ത് വൻതോതിൽ നിക്ഷേപം ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നു. കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CEBIT, ദുബായിൽ നടക്കുന്ന GITEX എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്. |

ബി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിനായി ഏതെല്ലാം ദേശീയ-അന്തർദേശീയ സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിനായി താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

ടെക്നോപാർക്ക് ഒന്നാംഘട്ടം

White oval Technologies Pvt. Ltd.
Wilga Technologies Pvt. Ltd.
Kwaliteta Systems & Solutions Pvt. Ltd.
ITC Infotech
Licent Technologies

ടെക്നോപാർക്ക് മൂന്നാംഘട്ടം

MC Fadyen Consulting
Thought Line
HCL Info System

കൊല്ലം ടെക്നോപാർക്ക്

Revenue Med
Aptara learning

കൊച്ചി ഇൻഫോപാർക്ക്

TCS
Wipro Ltd.
ACS
UST Global
IBS Software
OPI Global
Arbitron
Charter BPO
NHR Outsourcing.

സി) കഴക്കൂട്ടം –കോവളം ബൈപാസിനോട്ട ചേർന്ന് ഐ.ടി കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

സി) കഴക്കൂട്ടം –കോവളം ബൈപാസിനോട്ട ചേർന്നുള്ള ഐ.ടി കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ നല്ല പുരോഗതി തന്നെ കൈവരിച്ചിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് ഒന്നാംഘട്ടം, രണ്ടാംഘട്ടം, മൂന്നാംഘട്ടം, ടെക്നോസിറ്റി എന്നിവ ഉൾപ്പെടുന്നു. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം ടെക്നോപാർക്ക് ക്യാമ്പസിനോട് ചേർന്ന 92 ഏക്കറിൽ സ്ഥിതിചെയ്യുന്നു. ഇതിൽ 27.5 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. ഇവിടെ 110 കെ.വി. സബ്സ്റ്റേഷൻ പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 10 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളായ റോഡ്, ജലവിതരണ ശൃംഖല എന്നിവയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | ഇവിടെ ഏതെല്ലാം കമ്പനികൾ ഇതിനകം നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഡി) | നിക്ഷേപം നടത്തിയ കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl No. | Name of Company |
|---|---|
| 1 | 3E IT Solutions Pvt. Ltd |
| 2 | Aaric Technologies Pvt. Ltd |
| 3 | Accel Transmaties Ltd. (Ushus Technologies) |
| 4 | Accentia Technologies Ltd. |
| 5 | Advanced Media Technologies Pvt. Ltd. (AMTEC) |
| 6 | AES Solutions Pvt. Ltd |
| 7 | Afras Academy for Business Communications (AABC) (Academic Institution) |
| 8 | AirframeAero Designs Pvt.Ltd |
| 9 | Akira Software Solutions Pvt.Ltd |
| 10 | Alamy Images India Pvt. Ltd. |
| 11 | Aletheia Info Solutions Pvt. Ltd. |
| 12 | Allianz Cornhill Informations Services |
| 13 | Amstor Information Technology India Pvt. Ltd. |
| 14 | Amstor Softech (India) Pvt. Ltd. |
| 15 | Applexus Software Solutions |
| 16 | Aptara Learning Pvt. Ltd |
| 17 | Aqlanza Info systems Pvt. Ltd |
| 18 | Arackal Digital Solutions |
| 19 | Ariva Med Data Infotech Pvt. Ltd |
| 20 | ARS Software Engineering Pvt. Ltd. |
| 21 | Artin Dynamic Controls Pvt. Ltd |
| 22 | Asian School of Busines (ASB) (Academic Institution) |
| 23 | Assuretech Business Solutions Pvt. Ltd |
| 24 | Aten India Software Solutions Pvt. Ltd. |
| 25 | Attinad Software Pvt. Ltd |
| 26 | Azinova Technologies Pvt. Ltd |
| 27 | Bizzarrefx Technologies Pvt. Ltd |
| 28 | Cadmium Technologies& Solutions Pvt |
| 29 | Captech Solutions India Pvt. Ltd |
| 30 | Reno Development Technology (P)Ltd |
| 31 | CCBusiness Software Solutions Pvt. Ltd. |
| 32 | C-DAC |
| 33 | Cell Technologies Pvt. Ltd. |
| 34 | Certes Innovative Solutions Pvt. Ltd |
| 35 | Collabera Enterprise Software Solutions Pvt. Ltd. |
| 36 | Compu- Needs IT Solutions Pvt. Ltd |
| 37 | Confianz Information Technologies |
| 38 | Cosmomart.com. |
| 39 | Cre8tivebug Software( TBIC) |
| 40 | Croszones Business Solutions Pvt. Ltd |
| 41 | Datec Systems Pvt. Ltd. |

| | |
|---|---|
| 42 | Deogracia Infotech Pvt. Ltd |
| 43 | Dev Web Services (India) Pvt. Ltd |
| 44 | Device Driven (India) Pvt. Ltd. |
| 45 | Dimensions Cybertech (I) Pvt. Ltd. |
| 46 | Dishnet wireless Ltd. (AIRCELL) |
| 47 | Divx Medical &Software Technologies Pvt. Ltd |
| 48 | DSI Technologies Pvt. Ltd. |
| 49 | e.biz Consultancy Services Pvt. Ltd. |
| 50 | Zoondia Software Pvt Ltd |
| 51 | EcoWhite Architectural Engineering & Technology Services Pvt. Ltd. |
| 52 | Elementz IT Solutions Pvt. Ltd |
| 53 | Elsys Intelligent Devices Pvt. Ltd |
| 54 | Enigma Solutions Pvt. Ltd |
| 55 | Enter Technologies Pvt. Ltd. |
| 56 | Ernst & Young Middle East Technologies Pvt. Ltd. |
| 57 | ERS Software Technology Pvt. Ltd |
| 58 | E-Team Informatica India Pvt. Ltd. |
| 59 | Exalt Integral Solutions Pvt. Ltd. |
| 60 | Experion Technologies (India) Pvt. Ltd. |
| 61 | Extolution Software Pvt. Ltd. |
| 62 | Eze care Systems and solutions Pvt. Ltd |
| 63 | Faith Infotech India Pvt. Ltd. |
| 64 | Zyphix Technology Pvt Ltd |
| 65 | Finware Technologies Pvt. Ltd |
| 66 | Firstpos Retail Softsolutions India Pvt. Ltd |
| 67 | Fischer Systems India Pvt. Ltd. |
| 68 | Flip Media Pvt. Ltd |
| 69 | Flytxt Technologies Pvt. Ltd |
| 70 | Focal 3 software Pvt. Ltd |
| 71 | Foundling Minds Software Pvt. Ltd |
| 72 | GD Innovative Solutions Pvt Ltd |
| 73 | Gemini Software India Pvt. Ltd. |
| 74 | Geotrans Technologies Pvt. Ltd. |
| 75 | Global Design and Engineering Services (P) Ltd. |
| 76 | Green Craft IT Solutions Pvt. Ltd |
| 77 | Greenchild Image Solutions p Ltd |
| 78 | Grid Design Technology Systems(P) Ltd. |
| 79 | GridZone Software Solutions Pvt. Ltd |
| 80 | Hages Business Solutions Pvt. Ltd. |
| 81 | Hysitron Inc |
| 82 | IBS Software Services Pvt. Ltd. |
| 83 | ICFAI (Academic Institution) |
| 84 | ICFOSS (KSITM) |
| 85 | ICON Clinical research India Pvt. Ltd |
| 86 | Idynamics Ltd |

| | |
|---|---|
| 87 | IIC Web Solutions Pvt. Ltd |
| 88 | IIITM-K |
| 89 | InAPP Information Technologies (India) Pvt. Ltd. |
| 90 | Indriya Technologies Pvt. Ltd |
| 91 | INFOBLOX Technical Support Software Pvt. Ltd |
| 92 | Infosys Technologies Ltd. |
| 93 | Innoz technologies Pvt. Ltd |
| 94 | Inometrics Technology System (P) Ltd |
| 95 | Integrated Dynamic Solutions Pvt. Ltd |
| 96 | Intigen Technologies Pvt. Ltd( TBIC) |
| 97 | J'ouvertmatics Technologies Pvt. Ltd |
| 98 | Jangle Software |
| 99 | Juego Technologies Pvt |
| 100 | Kameda Infologics Pvt. Ltd. |
| 101 | Kel Net Communication Services Pvt. Ltd. |
| 102 | Kerala State Spatial Data Infrastructure |
| 103 | Krera Solutions Pvt. Ltd. |
| 104 | Krigansys Technologies & Applications Pvt. Ltd |
| 105 | KSITIL |
| 106 | Leeds Technologies Pvt. Ltd |
| 107 | Light Logics Holography & Optics Pvt. Ltd |
| 108 | Lino Computer Technologies Pvt. Ltd |
| 109 | Luminiscent Software Pvt Ltd |
| 110 | M Squared Software and Services Pvt. Ltd. |
| 111 | Macrosoft IT Solutions India Pvt. Ltd. |
| 112 | Maguicode Solutions Pvt. Ltd. |
| 113 | Maxartist Technologies Pvt. Ltd |
| 114 | MC Fadyen Consultancy |
| 115 | Mirox Cyber Securities pvt Ltd |
| 116 | Mobatia Technology Pvt Ltd |
| 117 | Mobshare Mobile systemes. |
| 118 | Navicare Solutions Pvt. Ltd. |
| 119 | Network Systems & Technologies (P) Ltd. (NeST) |
| 120 | Njanmount Technologies |
| 121 | Nocme Technologies Pvt Ltd |
| 122 | Noratel India Power Components Pvt. Ltd. |
| 123 | NRHM |
| 124 | OCS Technologies Pvt. Ltd |
| 125 | Oegrav Systems Pvt. Ltd. |
| 126 | Okeban Software Services (P) Ltd. |
| 127 | Oneview Systems Pvt. Ltd. |
| 128 | Opto Logic Technologies Pvt Ltd |
| 129 | Ospyn Technologies Pvt Ltd |
| 130 | OzTern Technology Pvt Ltd |
| 131 | Palnar Transmedia Pvt. Ltd. |

| | |
|---|---|
| 132 | Paragon Biomedical India Pvt. Ltd. |
| 133 | Penta Circule Informatic Pvt. Ltd. |
| 134 | Phykon Solutions Pvt |
| 135 | PIT Solutions Pvt. Ltd. |
| 136 | Pivotsys Technologies Pvt. Ltd. |
| 137 | Polus Software Pvt Ltd |
| 138 | Prapty Data Solutions Pvt Ltd |
| 139 | Proxy Systems Pvt. Ltd. |
| 140 | Q-burst Technologies Pvt Ltd |
| 141 | Qik Trans Solutions Pvt Ltd |
| 142 | Quintessence Technologies Ltd |
| 143 | Rain Concert Knowledge Mgt Solutions |
| 144 | Reflections Infosystems Pvt. Ltd |
| 145 | Revenuemed India (P) Ltd |
| 146 | Reynex Software Pvt Ltd |
| 147 | Rickshaw Software Pvt Ltd |
| 148 | RM Education Solutions India Pvt. Ltd. |
| 149 | RR Donnelley India Outsource Pvt. Ltd. |
| 150 | RWDI Consulting Engineers |
| 151 | SafeSource Systems & Data Services Pvt Ltd |
| 152 | Saihati Engineering Services India Pvt. Ltd. |
| 153 | Sandblue Software Pvt Ltd |
| 154 | Sansys Software Solutions |
| 155 | Sarfinity Consultant |
| 156 | Satmetrix India Devt. Inc |
| 157 | Saturn Systemwares Pvt Ltd |
| 158 | Screen Caster India Pvt Ltd |
| 159 | Seaview Support Systems Pvt. Ltd. |
| 160 | Se-mentor Solutions Pvt Ltd |
| 161 | SEZ |
| 162 | Sherston Educational Software Pvt. Ltd. |
| 163 | Shree Deepam Infotech Pvt Ltd |
| 164 | Sigtech Wireless Technologies Pvt Ltd |
| 165 | Softex Digital Pvt. Ltd. |
| 166 | Softlution Web Technologies Pvt. Ltd. |
| 167 | Sookshma Tech Integral Techno Solutions Pvt Ltd |
| 168 | Zafin Software Centre for Excellence |
| 169 | Speridian Technologies Pvt Ltd |
| 170 | SRC Software Pvt. Ltd. |
| 171 | Sree Anand Travels |
| 172 | Srishti Innovative Computer Systems Pvt Ltd |
| 173 | Stabilix Solutions Pvt. Ltd. |
| 174 | Standout IT Solutions Pvt Ltd |
| 175 | State Data Centre (KSITM) |
| 176 | STPI |

| | |
|---|---|
| 177 | SunTec Business Solutions Pvt. Ltd. |
| 178 | Swami Cyber solutions Pvt. Ltd. |
| 179 | Tata Communications Ltd |
| 180 | Tata Consultancy Services Ltd. (TCS) |
| 181 | Tata Elxsi India Ltd. |
| 182 | TDM Company India Pvt. Ltd. |
| 183 | Techadvantage Systems Pvt. Ltd. |
| 184 | Techband Technologies Pvt Ltd |
| 185 | Technosoft Resources P Ltd |
| 186 | Techping Internet Solutions Pvt Ltd |
| 187 | Tetra Tech India Pvt Ltd |
| 188 | ThinkBig Software Solutions Pvt Ltd |
| 189 | Thinkpalm Technologies |
| 190 | Thoughtline Technologies. |
| 191 | TNGiCUBE Technology resources Pvt Ltd |
| 192 | Toonz Animation India Pvt. Ltd. |
| 193 | Trailblazer Software Solutions (P) Ltd. |
| 194 | Trandms Media & Technology Solutions Pvt. Ltd. |
| 195 | Transversal Networks (P) Ltd. |
| 196 | Travancore Analysts |
| 197 | Trenta soft Technology Solutions Pvt. Ltd. |
| 198 | Triassic Solutions Pvt. Ltd. |
| 199 | TRIV Software Pvt. Ltd. |
| 200 | UST Global |
| 201 | Vanilla Networks Pvt. Ltd. |
| 202 | Vinvish Technologies P Ltd |
| 203 | VIRTUS IT Services Pvt. Ltd. |
| 204 | Visionics India Pvt. Ltd. |
| 205 | Visual graphics computing Services India (P) Ltd. |
| 206 | Viswarethna Technology |
| 207 | Vyga Animation |
| 208 | Waybeo Technology Solutions Pvt. Ltd. |
| 209 | Web 2 Boom Software Solutions Pvt. Ltd. |
| 210 | Xminds Infotech Pvt Ltd |
| 211 | YSC Engineering Services P Ltd . |
| 212 | iTraitz IT solutions Pvt. Ltd. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 172

17.02.2011 ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ ഐ.ടി. വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ബാബു പ്രസാദ് ;<br>ശ്രീ. കെ. ബാബു ;<br>ശ്രീ. കെ. അച്ചുതൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) മലബാർ മേഖലയിലെ ഐ.ടി. വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ആരംഭിച്ച സൈബർ സൊസൈറ്റി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കുമോ ;<br><br>ബി) ഈ സൊസൈറ്റിയുടെ പ്രവർത്തനത്തിനായി എന്തൊക്കെ ഭൗതിക സഹായങ്ങൾ നല്കികഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;<br><br>സി) ഇവിടെ ഇനിയും അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത് ? | (എ), (ബി) ആന്റ് (സി)<br><br>സംസ്ഥാനത്തിന്റെ ഐ.ടി. വികസനം ലക്ഷ്യമിടുന്ന ഹബ്ബ് ആന്റ് സ്പോക്ക് മോഡലിൽ മലബാർ മേഖലയിലെ സമഗ്ര ഐ.ടി. വികസനത്തിന് വേണ്ടി കോഴിക്കോട് സൈബർപാർക്ക് ഹബ്ബ് ആയും കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർപാർക്കുകൾ സ്പോക്കുകളായും വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കോഴിക്കോട് സൈബർപാർക്ക് സ്ഥാപിക്കുന്നതിനായി 43 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നു. പ്രസ്തുത പാർക്കിന് 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. ബിൽഡിംഗാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ സൈബർപാർക്കിന് 50,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ രൂപകല്പന പൂർത്തീകരിച്ചുവരുന്നു. കാസർഗോഡ് സൈബർപാർക്കിന് 50,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ മാസ്റ്റർപ്ലാൻ, ബിൽഡിംഗ് പ്ലാൻ തുടങ്ങിയവയുടെ തയ്യാറാക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണം ഇവ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി സർക്കാരിൽ നിന്നും നാളിതുവരെ 20 കോടി രൂപ നല്കിയിട്ടുണ്ട്. കൂടാതെ 2010-11 വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ച 17.5 കോടി രൂപയിൽ നിന്നും 7.50 കോടി രൂപ കൂടി ഇനി നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 173 — 17.02.2011-ൽ മറുപടിക്ക്**

## നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എൻ. ശക്തൻ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് ദ്രുത ഗതിയിലും കാര്യക്ഷമമായും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം പ്രവാസി മലയാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന തരത്തിൽ ചുവടെ പറയുന്ന നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br>1. നോർക്ക-റൂട്ട്സിന്റെ പ്രാദേശിക കേന്ദ്രങ്ങൾ മുഖാന്തിരം ചെയ്തുവരുന്ന എച്ച്.ആർ.ഡി/ എം.ഇ.എ/എംബസ്സി അറ്റസ്റ്റേഷനുകൾക്കുപുറമേ 101 രാജ്യങ്ങളിലേക്കുള്ള അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ സേവനവും, അന്യസംസ്ഥാന സർട്ടിഫിക്കറ്റുകൾക്കായി എംബസ്സി അറ്റസ്റ്റേഷൻ സേവനവും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പൊതുജന സൗകര്യാർത്ഥം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും ഒരു നിശ്ചിത ദിവസം അറ്റസ്റ്റേഷൻ നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>2. വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക-റൂട്ട്സ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. അതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനത്തോടെ ഒരു ജോബ് പോർട്ടലും ആരംഭിച്ചിട്ടുണ്ട്.<br>3. വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക്, അവരുടെ തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായി |

2009-ൽ 8 സ്ഥാപനങ്ങൾ മുഖാന്തിരം ആരംഭിച്ച പരിശീലന പരിപാടി, ഇപ്പോൾ 21 സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇവിടെ നിന്നും ആഗോളതൊഴിൽ വിപണിയിൽ ഏറെ തൊഴിൽ സാദ്ധ്യതയുള്ള 35 കോഴ്‌സുകളിൽ പരിശീലനം നൽകി വരുന്നു.

4. പ്രവാസി മലയാളികളുടെ ചിരകാല അഭിലാഷമായ തിരിച്ചറിയൽ കാർഡ് നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിതരണം നടത്തിവരുന്നു.

തിരുവനന്തപുരത്ത് നോർക്ക വകുപ്പിനു കീഴിൽ പണി പൂർത്തിയായി വരുന്ന നോർക്ക സെന്റർ ഉദ്ഘാടനംചെയ്യുന്നതോടുകൂടി നോർക്ക-റൂട്ട്സും അനുബന്ധ സ്ഥാപനങ്ങളും ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്. ഇതു വഴി റൂട്ട്സിന്റെ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവാസി മലയാളികൾക്ക് ലഭ്യമാകുന്നതാണ്

(ബി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനും ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) നോർക്കയുടെയും, നോർക്ക- റൂട്ട്സിന്റെയും പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എല്ലാ ജില്ലാ കലക്ട്രേറ്റുകളിലും നോർക്ക സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ റവന്യൂ, പോലീസ്, നിയമ സഹായം സംബന്ധിച്ച പ്രശ്നങ്ങളിൽ ദ്രുതഗതിയിലുള്ള പരിഹാരം ലഭിക്കുന്നതിലേക്കായി ജില്ലാ കലക്ട്രേറ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു. ഈ ശില്പശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടൊപ്പം 14 ജില്ലകളിലും പ്രീ ഡിപ്പാർച്ചർ പരിശീലനം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായിചേർന്ന് നടത്തുന്നതിനും നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രവാസി മലയാളികളുടെ എന്നപോലെ മറുനാടൻ മലയാളികളുടെ പ്രശ്നപരിഹാരത്തിനും നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് അറിയിക്കുമോ ? | (സി) | മറുനാടൻ മലയാളികൾക്കിടയിൽ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഡൽഹിയിലും മുംബൈയിലും പ്രവർത്തിക്കുന്ന എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾക്ക് പുറമെ ചെന്നൈയിലും ബാംഗളൂരിലും കൂടി എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ ആരംഭിക്കുന്നതിന് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 174

17.02.2011 ൽ
മറുപടിയ്ക്ക്

## ഇൻഫോപാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി

ചോദ്യം

ശ്രീ. വർക്കല കഹാർ ;
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ;

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) സംസ്ഥാനത്തെ ഇൻഫോപാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

എ) 6.10.2008 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1154/08/വ്യവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നത്.

ബി) പ്രസ്തുത ആവശ്യത്തിനായി ഏതൊക്കെ സ്ഥലങ്ങളിൽ സെസ്സ് പദവി ഏർപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത് ;

ബി) തൃശ്ശൂർ കൊരട്ടി ഇൻഫോപാർക്കിന് കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സെസ്സ് പദവി നേടുന്ന കാര്യം പരിഗണനയിലാണ്.

സി) ഇതിനായി ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം ഭൂമിക്കായി സെസ്സ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി ;

സി)
1. ഇൻഫോപാർക്ക്, കൊച്ചി ഒന്നാംഘട്ടം – 78 ഏക്കർ
2. ഇൻഫോപാർക്ക്, ചേർത്തല - 60 ഏക്കർ
3. ഇൻഫോപാർക്ക്, അമ്പലപ്പുഴ – 33 ഏക്കർ
4. ഇൻഫോപാർക്ക്, കൊച്ചി രണ്ടാംഘട്ടം - 31 ഏക്കർ

ഡി) ഈ രംഗത്ത് ദ്രുതഗതിയിലുള്ള വികസനം സാദ്ധ്യമാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സെസ്സ് പദവി നേടിയെടുക്കാൻ കേന്ദ്ര സർക്കാരുമായി യോജിച്ച് പ്രവർത്തനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഡി) 6.10.2008 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1154/08/വ്യവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 175

17.02.2011 ൽ
മറുപടിയ്ക്ക്

അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി

ചോദ്യം

ഉത്തരം

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(ബഹു: മുഖ്യമന്ത്രി)

ശ്രീ. എ.സി. മൊയ്തീൻ
ശ്രീ.സൈമൺബ്രിട്ടോ റോഡ്രിഗ്സ്
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ.അൽഫോൺസ് കണ്ണന്താനം

(എ) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് അവരുടെ സർവ്വീസുകൾ സുതാര്യവും സമയ ബന്ധിതവുമായി അക്ഷയ സെന്ററുകൾ വഴി പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇ–സാക്ഷരത, 10 മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്റർആക്ടീവ് പഠന പദ്ധതിയായ ഇന്റൽ ലേൺ,കമ്പ്യൂട്ടർ സാക്ഷരത നേടിയ ആളുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർപഠന പദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നു. കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ, എം.കോം തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ . ബി.സി.എ, ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി,

സി.ഐ.ടി. തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരെഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കുന്നു. കാഴ്ച വൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക ഡിസൈൻ ചെയ്ത കമ്പ്യൂട്ടർ പഠന പദ്ധതിയായ ഇൻസൈറ്റ് അക്ഷയ വഴി നടപ്പിലാക്കുന്നു.സംരംഭകരില്ലാത്ത 150 ഓളം അക്ഷയ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംരംഭകരെ തെരെഞ്ഞെടുക്കുകയും അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. നവംബർ 18ന് അക്ഷയ ദിന പ്രചാരണത്തോടനുബന്ധിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അക്ഷയ ജനസേവന പ്രചാരണയാത്ര സംഘടിപ്പിക്കുകയും സാധാരണ ജനങ്ങൾക്ക് അക്ഷയയുടെ സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുകയും ചെയ്തു. തത്ഫലമായി അടുത്ത മാസം മുതൽ അക്ഷയ സംരംഭകരുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്

| | |
|---|---|
| (ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കു ന്നു എന്ന് വെളിപ്പടുത്തുമോ; | (ബി) സംസ്ഥാനത്ത് 2069 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |
| (സി) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന ഇലക്ട്രോണിക് സേവനങ്ങൾ എന്തെല്ലാമാണ്; | (സി) അക്ഷയ വഴി നടപ്പാക്കി വരുന്ന സേവനങ്ങൾ താഴെപ്പറയുന്നവ യാണ്.<br>G2Gസേവനങ്ങൾ :-<br>സ്പാർക്ക് ട്രെയിനിംഗ്, മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, ANERT ഊർജ്ജ വിനിയോഗ സർവ്വെ, കേരള ഇന്നവേഷൻ ഫൗണ്ടേഷൻ മുതലായവ.<br>G2B സേവനങ്ങൾ :- |

ഇ-ഫയലിംഗ്, ഇ-കൺസൈൻ്റ്മെന്റ് മുതലായവ

G2Cസേവനങ്ങൾ-

ഇ-പേയ്മെന്റ്, ഇ-ടിക്കറ്റിംഗ്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഹെൽപ്പ് ഡെസ്ക്ക്, എ.പി.എൽ കാർഡുടമകളുടെ ആരോഗ്യ ഇൻഷ്വറൻസ്, രജിസ്ട്രേഷൻ, ഇ-മണൽ, റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ, ഇ-കൃഷി, എന്റെ ഗ്രാമം, ഇ-ഗ്രാൻസ്, ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്പ് ഡെസ്ക്ക്, എൽ.ഐ.സി മൈക്രോ ഇൻഷ്വറൻസ്, സവിശേഷ തിരിച്ചറിയൽ നമ്പർ (UIDAI) രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ്(RSBY), കെ. എൻ.ആർ.കെ യുടെ ഫണ്ട് സബ്സ്ക്രിഷൻ സമാഹരണം,

ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ, മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, കൂടാതെ വിദ്യാഭ്യാസ പരിപാടികളായ ഇന്റൽ ലേൺ, ഇ-വിദ്യ, ഡൊയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്.

| | |
|---|---|
| (ഡി അക്ഷയ കേന്ദ്രങ്ങളിൽ ഏതെല്ലാം കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി മലയാളംകമ്പ്യൂട്ടിംഗ്, വിദ്യാഭ്യാസ പരിപാടികളായ ഇന്റൽ ലേൺ, ഇ-വിദ്യ, ഡൊയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്. |

| | | | |
|---|---|---|---|
| (ഇ) | അക്ഷയ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോ? | (ഇ) | അക്ഷയകേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ നൽകുക വഴി അക്ഷയ സംരംഭകരുടെ വരുമാന വർദ്ധനവുണ്ടാകുന്നതിലൂടെ അക്ഷയസംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 176

17-2-2011-ൽ മറുപടിയ്ക്ക്

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ:<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ പുന:സംഘടിപ്പിച്ചു. ഇതിലേക്കായി സർക്കാർ നിയമിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിക്കുകയും പ്രസ്തുത ഡിവിഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. വകുപ്പിലെ പരസ്യ വിഭാഗവും, പ്രസിദ്ധീകരണ വിഭാഗവും പുന:സംഘടിപ്പിക്കുകയും മാധ്യമ വാർത്താവിതരണ വിഭാഗത്തിൽ കൂടുതൽ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ അനുവദിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ ഓഫീസർമാർക്ക് വാഹനങ്ങൾ വാങ്ങി നൽകുകയും, അസിസ്റ്റന്റ് എഡിറ്റർ ഇല്ലാതിരുന്ന ഓഫീസുകളിൽ പ്രസ്തുത തസ്തിക അനുവദിക്കുകയും, വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളും KSWAN-ൽ ഉൾപ്പെടുത്തുകയും ഓൺലൈൻ വീഡിയോ ക്ലിപ്പിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. |

| | |
|---|---|
| (ബി) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുവാനായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ശ്രവ്യ-ദൃശ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചാരണങ്ങൾ വിപുലപ്പെടുത്തി. പ്രചാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിൽ പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മീഡിയാ ഡിവിഷന്റെ കീഴിൽ രൂപീകരിച്ച വിഷ്വൽ കമ്മ്യൂണിക്കേഷൻ, വെബ് & ന്യൂ മീഡിയ, വാർത്താവിതരണം, ഇലക്ട്രോണിക് മീഡിയാ അഡ്വർടൈസ്മെന്റ് എന്നീ വിഭാഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുള്ള പ്രചാരണ സാമഗ്രികൾ നിർമ്മിക്കുകയും, പ്രക്ഷേപണം ചെയ്യുകയും, പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന്റെ പ്രസിദ്ധീകരണ വിഭാഗം ബോധവത്ക്കരണ പ്രചാരണ പ്രസിദ്ധികരണങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും, ഫീൽഡ് പബ്ലിസിറ്റി വിഭാഗം വികസന വാർത്തകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൊബൈൽ എക്സിബിഷൻ അടക്കമുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും, പരസ്യ വിഭാഗം സർക്കാരിന്റെ പ്രചാരണ ബോധവത്ക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പത്ര പരസ്യങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നു. വകുപ്പിലെ ഫീൽഡ് പബ്ലിസിറ്റി വിഭാഗം വിഷയാധിഷ്ഠിത പ്രചാരണ പരിപാടികൾ ഗാന്ധി ജയന്തി, മത സൗഹാർദ്ദം, ചിക്കുൻഗുനിയ, സുവർണ്ണ ജൂബിലി ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ നടത്തുകയും ദേശീയ - സംസ്ഥാന - ജില്ലാതല എക്സിബിഷനുകളും ഗ്രാമീണ മേഖലകൾ കേന്ദ്രീകരിച്ചുള്ള എക്സിബിഷനുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് മീഡിയാ ഡിവിഷന്റെ കീഴിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയ വീഡിയോ ന്യൂസ് ക്ലിപ്പിംഗ് സർവ്വീസ് സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പ് തയ്യാറാക്കുന്ന വീഡിയോ ക്ലിപ്പുകളും വികസന വാർത്തകളും മാധ്യമങ്ങൾക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിലൂടെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ പ്രചുര പ്രചാരം വളരെ എളുപ്പത്തിലും ചെലവ് കുറഞ്ഞ രീതിയിലുമാക്കി. ഇതുകൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി |

പരിഹാര പരിപാടിയായ 'സുതാര്യകേരളം' മന്ത്രിമാർക്ക് പൊതുജനങ്ങളുമായി സംവദിക്കുന്നതിനുള്ള നവകേരളം, പ്രിയകേരളം എന്നീ പരിപാടികൾ ദൂരദർശനിലും വികസന വാർത്താധിഷ്ഠിത പരിപാടിയായ ജനപഥം ആകാശവാണിയിലും വകുപ്പ് മുഖേന നിർമ്മിച്ച് സംപ്രേക്ഷണം ചെയ്തുവരുന്നു. സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ C.M.F. പ്ലാറ്റ്ഫോമിൽ പരിഷ്ക്കരിച്ച് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുകയും, സംസ്ഥാന മന്ത്രിമാർക്കുള്ള ഔദ്യോഗിക വെബ്സൈറ്റുകൾ, വിവരാവകാശ നിയമ സഹായത്തിനുള്ള സർവ്വീസ് പോർട്ടൽ, ശബരിമല തീർത്ഥാടകർക്കായുള്ള പത്യേക വെബ്സൈറ്റ് എന്നിവ നിർമ്മിച്ച് ഹോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, കേരളത്തെ സംബന്ധിക്കുന്ന ഒരു വിജ്ഞാന കമ്മ്യൂണിറ്റി പോർട്ടലിന് രൂപം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ നവീകരിച്ച വെബ് പോർട്ടലിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇ-മെയിലിലിലൂടെ മന്ത്രിമാരെ ബന്ധപ്പെടാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ, അപേക്ഷ ഫോമുകൾ എന്നിവ വെബ് പോർട്ടലിലിൽ ലഭ്യമാക്കുമോ;

(എഫ്) കേരളത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും ടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച വിശദാംശവും വെബ് പോർട്ടലിൽ ലഭ്യമാക്കുമോ ?

(സി)യും (ഡി)യും (ഇ)യും (എഫ്)ഉം:

സർക്കാരിന്റെ നവീകരിച്ച വെബ് പോർട്ടലിലൂടെ സർക്കാരിനെ സംബന്ധിക്കുന്ന ഔദ്യോഗിക വിവരങ്ങൾ, കേരളത്തിന്റെ ചരിത്രം, സംസ്ക്കാരം, സാഹിത്യം, ഭാഷ, കലകൾ, വിനോദസഞ്ചാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, ഐക്യകേരളത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നൽകിയ പദ്ധതികൾ, പരിപാടികൾ, പൊതുജനങ്ങൾക്ക് സർക്കാരുമായും, ഉദ്യോഗസ്ഥരുമായും ബന്ധപ്പെടുന്നതിനാവശ്യമായ വിലാസങ്ങൾ, മന്ത്രിമാർക്ക് ഇ-മെയിൽ അയയ്ക്കാനുള്ള സൗകര്യവും മേൽവിലാസവും, പരാതി പരിഹാര സെല്ലിലേക്കുള്ള ഇ-മെയിൽ സംവിധാനവും മേൽവിലാസവും, സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ, വകുപ്പുകളുമായി ബന്ധപ്പെട്ട ഉത്തരവുകൾ, സർക്കുലറുകൾ, പൗരാവകാശരേഖ, വിവരാവകാശ നിയമ പ്രകാരം ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ, സ്ഥിരമായി ഉയരുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടികളും, അപേക്ഷാ ഫോമുകൾ, വിവിധ കമ്മീഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡുകൾ എന്നിവയെക്കുറിച്ചും കേരള സംസ്ഥാനത്തെ

ജനപ്രതിനിധികളുടെ വിവരങ്ങളും, വിലാസങ്ങളും, സംസ്ഥാന മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകൾ, 14 ജില്ലാ വെബ്സൈറ്റുകൾ തുടങ്ങിയവ ഈ വെബ് പോർട്ടലിൽ ലഭ്യമാണ്. കൂടാതെ മറ്റ് സംസ്ഥാനങ്ങളുടെ ഔദ്യോഗിക പോർട്ടലുകൾ, ഭാരത സർക്കാരിന്റെ ഔദ്യോഗിക പോർട്ടൽ തുടങ്ങിയവയിലേക്കും നവീകരിച്ച പോർട്ടലിലൂടെ പ്രവേശിക്കാനാകും.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 177

17/02/2011 ൽ മറുപടിക്ക്

## വ്യാപാരികളുടെ ഉപഭോക്തൃ ചൂഷണത്തിനെതിരെ നിയമ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | : | ശ്രീ. സി. ദിവാകരൻ |
| ശ്രീ. സി. ടി. അഹമ്മദ് അലി | : | (ഭക്ഷ്യവും, സിവിൽ സപ്ലൈസും |
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | : | മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| ശ്രീ. എം. ഉമ്മർ | : | |

(എ) വൻകിട വ്യാപാരികൾ ഉപഭോക്താക്കളെ കൊള്ളയടിക്കുന്നത് തടയാൻ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ ഉതകുന്ന നിയമ വ്യവസ്ഥകൾ ഇപ്പോൾ നിലവിലില്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽ വന്നതെന്ന് വ്യക്ത മാക്കുമോ;

<u>(എ) യും (ബി) യും</u>

എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന് മാത്രമേ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് അധികാരം ഉള്ളൂ. എന്നാൽ മറ്റ് വസ്തുക്കളുടെ കാര്യത്തിൽ വൻകിട വ്യാപാരികൾ ഉപഭോക്താക്കളെ കൊള്ളയടിക്കുന്നത് തടയാൻ നിയമ നിർമ്മാണം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. പൊതു വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കാൻ നടത്തുന്ന പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിന് പര്യാപ്തമായ നിയമങ്ങൾ നിലവിലുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(സി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ നിലവിൽ നിയമ വ്യവസ്ഥകളുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 1955 ലെ അവശ്യസാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഫലപ്രദമായി തടയാൻ കഴിയുന്നു. പ്രസ്തുത നിയമത്തിലെ സെക്ഷൻ 6എ പ്രകാരം, അനധികൃതമായി സൂക്ഷിച്ചിരുന്നതോ, കടത്തിക്കൊണ്ടുപോയതോ, കരിഞ്ചന്തയിൽ വിറ്റതോ ആയ അവശ്യവസ്തുക്കളും, അവ സൂക്ഷിക്കുന്ന പാക്കിംഗ്

വസ്തുക്കളും, മറ്റ് കവറിംഗുകളും കടത്തിക്കൊണ്ടു പോകാൻ ഉപയോഗിക്കുന്ന വാഹനങ്ങളും മറ്റ് സംവിധാനങ്ങളും പിടിച്ചെടുത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടാൻ കഴിയും. കുറ്റവാളികൾക്കെതിരെ അവശ്യസാധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാനും വ്യവസ്ഥ യുണ്ട്.

(ഡി) **ഈ സർക്കാർ** അധികാരമേറ്റ ശേഷം **പൂഴ്ത്തി** വയ്പിനും കരിഞ്ചന്തക്കു **മെതിരെ** എന്തൊക്കെ നടപടികൾ **സ്വീകരിച്ചു;**

(ഡി) കൃത്രിമ വിലക്കയറ്റത്തിന് കാരണ മാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും ലീഗൽ മേട്രോളജി, പൊലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡു കൾ നടത്തിവരുന്നു. എല്ലാ ജില്ല കളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സിമിതികൾ എന്നിവ യും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അവശ്യസാധനങ്ങളുടെ വില, സംഭരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനായി അവശ്യ സാധനനിയമത്തിന്റെ അടിസ്ഥാന ത്തിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം പൊതു വിപണിയിലും പൊതുവിതരണ കേന്ദ്രങ്ങളിലും ശക്തമായ പരിശോ ധനകൾ നടത്തി കുറ്റക്കാരായവർ ക്കെതിരെ കർശന നടപടി സ്വീകരി ക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയർവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരി കൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്. റെയ്ഡുകളും പരിശോധനകളും ഊർജ്ജിതമായി നടത്തിയതു വഴി സംസ്ഥാനമൊട്ടാകെ 2010 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലായി 20,784 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ടി പരിശോധനകൾ വഴി 2,53,260 കി. ഗ്രാം അരി, 22,378

കി. ഗ്രാം ഗോതമ്പ്, 26,387 ലിറ്റർ മണ്ണെണ്ണ, 1,175 കി. ഗ്രാം പഞ്ചസാര എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ, അനഭിലഷണീയമായ കച്ചവട രീതികൾ തടയുന്നതിനായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല പരിശോധനാസംഘവും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ഇ) എതെല്ലാം വൻകിട ചെറുകിട കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിച്ചു; ഇതിന്റെ ജില്ലാ ടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട, ചെറുകിട കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 25 |
| കൊല്ലം | - | 351 |
| പത്തനംതിട്ട | - | 656 |
| ആലപ്പുഴ | - | 643 |
| കോട്ടയം | - | 354 |
| ഇടുക്കി | - | 1 |
| എറണാകുളം | - | 14 |
| തൃശ്ശൂർ | - | 152 |
| പാലക്കാട് | - | 39 |
| മലപ്പുറം | - | 36 |
| കോഴിക്കോട് | - | 65 |
| വയനാട് | - | 182 |
| കണ്ണൂർ | - | 18 |
| കാസർഗോഡ് | - | 397 |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 178

17/02/2011 - ൽ മറുപടിക്ക്.

### ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.ബാബു<br>ശ്രീ.എൻ.ശക്തൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ? | (എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 2006-2010 കാലയളവിലേക്കായി 225 കോടി രൂപയുടെ പദ്ധതി അടങ്കൽ അനുവദിച്ചിരുന്നു. ഇതിൽ ഒന്നാംഘട്ട പ്രവർത്തികൾക്കായി 52.25 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ ഒന്നാം ഘട്ട പണികൾക്ക് ഭരണാനുമതി നൽകിയ 121 പ്രവർത്തികൾ അറേഞ്ച് ചെയ്യുകയും 93 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി 151.98 കോടി രൂപയുടെ ഭരണാനുമതി നൽകിയ 63 പണികളിൽ 47 എണ്ണം പൂർത്തീകരിച്ചു. ആകെ 61.93 കിലോ മീറ്റർ നീളത്തിൽ കനാൽ . പുനരുദ്ധരിച്ചു. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത 40 കോടി രൂപയുടെ പണികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കരാർ നൽകി പണികൾ നടന്നുവരുന്നു. |
| (ബി) ഇവയുടെ വികസനത്തിനു വേണ്ടി സമയബന്ധിതമായ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നോ ; | (ബി) ഇവയുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ വർഷത്തിൽ ഇത്തരത്തിൽ ഏതൊക്കെ ഉൾനാടൻ ജലപാതകളുടെ പണി പൂർത്തീകരിക്കണമെന്നാണ് ലക്ഷ്യ മിട്ടിരുന്നത് ; | (സി) പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വർക്കല ഭാഗത്ത് നാല് പണികളും കോട്ടപ്പുറം-പൊന്നാനി റീച്ചിൽ മൂന്നു പണികളും പൊന്നാനി-ബേപ്പൂർ റീച്ചിൽ മൂന്നു പണികളും മറ്റ് അനുബന്ധ പണികളും ഉൾപ്പെടെ 124.92 കോടി രൂപയുടെ പദ്ധതികൾ പരിഗണനയി ലുണ്ട്. കൂടാതെ നബാർഡ് RIDF XVI - ൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കു ന്നത് പരിഗണനയിലുണ്ട്. |
| (ഡി) ഏറ്റെടുത്ത ഇത്തരം പദ്ധതി കൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന് കാരണം വ്യക്ത മാക്കുമോ ? | (ഡി) പല ജില്ലകളിലും റവന്യൂ അധികാരികൾ കനാലിന്റെ അതിർത്തി തിട്ടപ്പെടുത്തി നൽകുന്നതിൽ വരുത്തിയ കാലതാമസം, കനാലിന്റെ ഇരു കരകളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിലു ണ്ടായ കാലതാമസവും പണികൾ സമയബന്ധിത മായി പൂർത്തിയാക്കുന്നതിന് തടസ്സമായി. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ ജലപാതക ളുടെ പ്രവൃത്തികളിൽ അനധികൃത മണൽ ഖനനം നടക്കുന്നു എന്ന ആരോപണത്താൽ പണികൾ റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി അധികാരികൾ എന്നിവർ അന്വേഷണത്തിനു വേണ്ടി പലതവണ പണികൾ നിറുത്തി വെയ്പ്പിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 179 17-02-2011 - ൽ മറുപടിക്ക്

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ജെ.ജേക്കബ്:<br>ശ്രീ.സി.എം.ദിനേശ് മണി:<br>ശ്രീ.സാജു പോൾ:<br>ശ്രീ:എം.കെ.പുരുഷോത്തമൻ: | | | ശ്രീ.വി.എസ്.അച്യുതാനന്ദൻ,<br>(മുഖ്യമന്ത്രി) |
| (എ) | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കൊച്ചി അന്താരാഷ്ട്ര വിമാന ത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി, വിമാന ത്താവളത്തിന്റെ നഗരവശത്ത് ഒരു വിമാനത്താവള നഗരം (Airport City) വികസിപ്പിക്കുവാൻ 'സിയാൽ' ആസൂത്രണം ചെയ്യുന്നുണ്ട്. അവിടെ താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>(i) നശിക്കാനിടയുള്ള ചരക്ക് സൂക്ഷിക്കുന്ന കേന്ദ്രം;<br>(ii) വ്യോമയാന അക്കാദമി;<br>(iii)ഗോൾഫ് കോഴ്സ്;<br>(iv)വിമാനമെയിന്റനൻസ് ഹാങ്കർ.<br>(v) ലോജിസ്റ്റിക് കേന്ദ്രം;<br>(vi)കൺവെൻഷൻസെന്റർ;<br>(vii)പ്രദർശന/വാണിജ്യ ഫെയർ സെന്റർ;<br>(viii)പഞ്ചനക്ഷത്ര,ബഡ്ജറ്റ് ഹോട്ടലുകൾ;<br>(ix)ഷോപ്പിംഗ് മാളുകൾ;<br>(x)മൾട്ടിപ്ളെക്സുകൾ;<br>(xi)കുടുംബവിനോദകേന്ദ്രങ്ങൾ;<br>(xii)മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ. |

| | | | |
|---|---|---|---|
| (ബി) | കൊച്ചിയിൽ നിന്നും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വിമാനത്താവളത്തോടനുബന്ധിച്ച് ഹെലികോപ്റ്റർ ഹബ് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ഹെലികോപ്റ്റർ ഓപ്പറേറ്റർമാരുമായി ചർച്ചകൾ നടന്നു വരുന്നു. ഹെലികോപ്റ്ററുകൾ പാർക്കുചെയ്യുന്നതിനായി എല്ലാ സൗകര്യങ്ങളോടുകൂടിയ പാർക്കിംഗ് ബേയുടെ നിർമ്മാണം ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 180.

17..2..2011-ൽ മറുപടിക്ക്

## "ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ജയരാജൻ,<br>ശ്രീ. പി. കൃഷ്ണപ്രസാദ്.<br>ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീ. എം. ഹംസ.** | **ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വഴിയും മൃഗസംരക്ഷണ വകുപ്പു വഴിയും താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>**<u>മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതി (എം.എസ്.ഡി.പി.)</u>**<br><br>കേരളത്തിലെ കാലിസമ്പത്തിലുണ്ടായ കുറവ് നികത്തുന്നതിനും അതിലൂടെ പാലുൽപാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കറവപ്പശുക്കളെ വാങ്ങുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചത്. ഇതിലൂടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ആനുകൂല്യം നൽകി വരുന്നു. 2 പശു, 5 പശു, 10 പശു, 20 പശു എന്ന രീതിയിലുള്ള ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, നല്ല ഇനം കറവപ്പശുക്കളെ നമ്മുടെ നാട്ടിൽ വളർത്തിയെടുക്കുന്നതിനുള്ള കിടാരി വളർത്തൽ യൂണിറ്റുകൾ, ഫാം ആധുനികരണത്തിനായുള്ള കറവ യന്ത്രം, മറ്റ് അവശ്യാധിഷ്ഠിത സഹായങ്ങൾ എന്നിവയ്ക്കെല്ലാം ഈ പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു. |

## തീറ്റപ്പുൽ കൃഷി വികസന പദ്ധതി

പാൽ ഉൽപാദന ചെലവിന്റെ 70 ശതമാനത്തോളം വരുന്ന തീറ്റച്ചെലവ് കുറയ്ക്കുവാനായി കർഷകന് പോഷകമൂല്യമേറിയ തീറ്റപ്പുല്ലിന്റെ ലഭ്യത അനിവാര്യമാണ്. ആയത് വ്യാവസായിക മായിട്ടും അല്ലാതെയും കർഷകരുടെ സ്വന്തം സ്ഥലങ്ങളിലും കൃഷി ചെയ്ത് കാലികൾക്ക് ലഭ്യമാക്കുന്നതിനായുള്ള പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തീറ്റപ്പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും, അസോള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, തീറ്റപ്പുൽ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുകയും ഫോഡർ വിപണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചാഫ് കട്ടർ വിതരണം ചെയ്യുകയും പുൽക്കൃഷിയ്ക്കായി ജലസേചന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുന്നതിനായി വിവിധ ഇനങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് ഉൽപാദന ചെലവ് ഒരു പരിധിവരെ പിടിച്ചു നിർത്തുവാൻ സഹായകമായിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഫോഡർ ഫാമിൽ നിന്നും പോഷകമൂല്യമേറിയ പച്ചപ്പുല്ല് ഉൽപാദിപ്പിച്ച് കർഷകർക്ക് ന്യായമായ നിരക്കിൽ വിതരണം ചെയ്യുന്നു.

## സബ്സിഡി നിരക്കിൽ കാലിത്തീറ്റ

വേനൽക്കാലങ്ങളിൽ കാലികൾക്ക് ശരിയായ രീതിയിൽ ആവശ്യമായ തീറ്റ ലഭിക്കാതെ വരുന്നത് മൂലമാണ് ഉൽപാദനം കുറയുന്നത്. ഈ കാലത്ത് കർഷകർക്ക് വളരെയധികം പ്രയാസമുണ്ടാക്കാറുണ്ട്. ഇതിന് ഒരു ആശ്വാസ പദ്ധതിയായാണ് ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് കാലിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയത്. 2009-10 ൽ 275 ലക്ഷം രൂപയും 2010-11 ൽ 450 ലക്ഷം രൂപയുമാണ് ഇതിനായി അനുവദിച്ചത്.

1. **<u>പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ്:</u>** വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഫാമുകളിൽ പരമാവധി പുൽ കൃഷി നടത്തി വരുന്നു. ബീജാധാന ഉപകേന്ദ്രങ്ങൾ വഴി തീറ്റപ്പുൽ വിത്ത് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കി ക്ഷീരകർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കേരളാ ഫീഡ്സിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഡെൻസിഫൈഡ് ഫോഡർ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

2. **<u>കാലിത്തീറ്റയുടെ ലഭ്യതക്കുറവ്:</u>** ഇത് പരിഹരിക്കുന്നതിനായി കേരളാ ഫീഡ്സ്, മിൽമ തുടങ്ങിയ സർക്കാർ/സഹകരണ തീറ്റ ഉത്പാദന കേന്ദ്രങ്ങളുടെ സംഭരണ ഉത്പാദന വിപണന ശേഷി വർദ്ധിപ്പിച്ചു. പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള പുതിയ കാലിത്തീറ്റ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി.

3. **<u>പാൽവില:</u>** സർക്കാർതലത്തിൽ പാൽ ഉത്പാദന ചെലവ് സംബന്ധിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാന ത്തിൽ പാൽവില നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പാൽവില വർദ്ധിപ്പിച്ചപ്പോൾ വർദ്ധിപ്പിച്ച തുകയുടെ സിംഹഭാഗവും ഫാറ്റ്/എസ്.എൻ.എഫ്. ഘടകങ്ങൾ നോക്കാതെ തന്നെ കർഷകർക്ക് ലഭ്യമാക്കണമെന്ന് സർക്കാർ പ്രത്യേകം ഉത്തരവിട്ടിട്ടുണ്ട്.

4. **<u>കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ:</u>** മൃഗാശുപത്രി കൾ വഴി സൗജന്യ മൃഗ ചികിത്സകളും പ്രതിരോധ കുത്തി വയ്പുകളും ലഭ്യമാക്കുന്നു.

5. **<u>വായ്പയ്ക്ക് നൽകേണ്ടി വരുന്ന അമിത പലിശ:</u>** ഈ പ്രശ്നം സർക്കാർ പരിശോധിക്കുകയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

   സംരംഭ മൂലനിധി പദ്ധതി പ്രകാരം വാണിജ്യ ബാങ്കു കളിൽ നിന്നും സംരംഭ മൂലധന സഹായം എടുത്തിട്ടുള്ള കർഷകർക്ക് പലിശയിനത്തിലും ബാക്കിയുള്ള തുകയുടെ 50% സഹായമായും നൽകുന്നു. 25 ലക്ഷം രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നു.

6. **<u>കറവക്കാരുടെ ലഭ്യതക്കുറവ്:</u>** ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം ഫാമുകളുടെ അടിസ്ഥാന സൗകര്യം വിപുല പ്പെടുത്തുന്ന പരിപാടിയിൽ ഉൾപ്പെടുത്തി മിൽക്കിംഗ് മെഷീൻ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. **<u>കന്നുകാലി ഇൻഷ്വറൻസ്:</u>** 14 ജില്ലകളിലും 50% സബ്സിഡി നിരക്കിൽ മുഴുവൻ കന്നുകാലികളെ ഇൻഷുർ ചെയ്യുന്നു.

മേൽപറഞ്ഞവ കൂടാതെ മൃഗസംരക്ഷണ വകുപ്പ് വഴി ക്ഷീരകർഷകരുടെ പ്രശ്ന പരിഹാരത്തിനായി താഴെ പറയുന്ന പദ്ധതികളും നടപ്പാക്കുന്നുണ്ട്.

1. **<u>കന്നുകാലി പ്രജനന സേവനം:</u>** മൃഗാശുപത്രികൾ വഴിയും കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴിയും സൗജന്യ കൃത്രിമ ബീജാധാന സൗകര്യം ലഭ്യമാക്കുന്നു. 5 കോടി രൂപയുടെ ആനുകൂല്യം ക്ഷീരകർഷ കർക്ക് ഇതുമൂലം ലഭ്യമാകുന്നു.

2. **<u>പരിശീലന വിജ്ഞാനവ്യാപന സേവനം:</u>** നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യ മാക്കുന്നതിനുള്ള പരിശീലന വിജ്ഞാന വ്യാപന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യ മാക്കുന്നു. ഇതുവഴി 6 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നു.

3. **<u>വന്ധ്യതാ നിവാരണ ക്യാമ്പുകൾ:</u>** മൃഗങ്ങളിലെ വന്ധ്യത നിയന്ത്രിക്കുന്നതിനുള്ള പദ്ധതി 18 ലക്ഷം രൂപയുടെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി ഹേലി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) **ഹേലി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.**

1. **<u>ഗോധനം പദ്ധതി:</u>** നിലവിൽ പശു വളർത്തുന്ന കർഷകർക്ക് ഒരു പശു അധികമായി വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ഒരു പശുവിന് പതിനായിരം രൂപയാണ് സബ്സിഡി നൽകി വരുന്നത്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള "200 യൂണിറ്റുകൾ" നടപ്പിലാക്കാനാണ് 2010-11 വാർഷിക പദ്ധതിയിലെ മിൽക്ക് ഷെഡ് വികസന പ്രോഗ്രാമിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 20 ലക്ഷം രൂപ പദ്ധതി വിഹിതമായി നടപ്പുവർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വളരെ വിജയകരമായി തന്നെ നടപ്പിലാക്കി വരുന്നു.

2. **<u>കോയിപ്രം മാതൃകയിലുള്ള മാസ്സീവ് ഫോഡർ കൾട്ടിവേഷൻ:</u>** സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള നദീതടങ്ങളിൽ "കോയിപ്രം" മാതൃകയിൽ വ്യാപക തീറ്റപ്പുൽ കൃഷി നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ഒരു ഹെക്ടർ വീതം 20 യൂണിറ്റുകൾ ആരംഭിക്കുവാനായി 2010-11 വാർഷിക പദ്ധതിയിലെ ഫോഡർ ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ 5 ലക്ഷം രൂപ (ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് 25000/- രൂപ സബ്സിഡി എന്ന നിരക്കിൽ) പദ്ധതി വിഹിതമായി നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്.

3. **<u>കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ:</u>** കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്ന ധനകാര്യസ്ഥാപനം ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസലും നിലവിലുണ്ട്.

4. **കറവ പശുക്കൾക്ക് വിരമരുന്നുകൾ നൽകുന്ന** പദ്ധതി: 72 ലക്ഷം രൂപയുടെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നു. 4.5 ലക്ഷം കറവപശുക്കൾക്ക് സൗജന്യമായി വിര മരുന്നുകൾ നൽകുന്നു.

5. **<u>സംയോജിത കന്നുകാലി വികസനം:</u> ക്ഷീരകർഷകർക്ക്** കറവ പശുക്കളെ വാങ്ങി വളർത്തുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി 9 കോടി രൂപ സബ്സിഡിയായി ലഭ്യമാക്കുന്നു.

6. **<u>കർഷക അവാർഡുകൾ</u>**: 8 ലക്ഷം രൂപയുടെ ആനുകൂല്യം മികച്ച കർഷകർക്ക് അവാർഡുകൾ നൽകുന്നതു വഴി ലഭ്യമാക്കുന്നു.

7. **<u>വെറ്ററിനറി സർവ്വീസിനുള്ള സഹായം:</u>** ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററിനറി സർവ്വീസ് കാര്യക്ഷമ മാക്കുന്നതിനായി 3 കോടി രൂപയുടെ സഹായം ലഭ്യ മാക്കുന്നു.

8. **<u>പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർക്കായി അവരുടെ ക്ഷീരസംരംഭങ്ങൾ വികസിപ്പിക്കുന്നതിനായുള്ള സഹായം:</u>** ഓരോ കർഷകനും ഇപ്രകാരം ഒരു ലക്ഷം രൂപാ വീതം ആകെ 500 ലക്ഷം രൂപയുടെ ആനുകൂല്യം നൽകുന്നു.

9. കന്നുകാലി കർഷകർക്ക് യന്ത്രവല്ക്കരണ സഹായത്തിനായി 100 ലക്ഷം രൂപയുടെ സഹായം നൽകുന്നു.

10. വനിതാ ഗ്രൂപ്പുകൾക്ക് ഭക്ഷ്യസുരക്ഷാ പരിപാടികൾക്കായി 3.5 കോടി രൂപയുടെ സഹായം നൽകുന്നു.

ക്ഷീരകർഷകർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ആരംഭിച്ച ക്ഷീര കർഷക ക്ഷേമനിധിയിലൂടെ ക്ഷീര കർഷകർക്ക് പ്രതിമാസം 300/- രൂപ പെൻഷനും 150/- രൂപ കുടുംബ പെൻഷനും നൽകി വരുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ 'ക്ഷീരദീപം' പദ്ധതിയിൽ ഉൾപ്പെടുത്തി അംഗങ്ങ ളുടെ പെൺമക്കളുടെ വിവാഹത്തിന് 1000/- രൂപ വിവാഹ ധനസഹായവും; ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നിർവ്വഹി ക്കുന്നതിന് 1000/- രൂപയും, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം ഇനത്തിൽ എസ്.എസ്. എൽ.സി., +2, ഡിഗ്രി, പ്രൊഫഷണൽ എന്നീ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് യഥാക്രമം 1000/-, 1500/-, 2000/-, 2500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ കർഷകർക്കും അവരുടെ ആശ്രിതർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന **'ക്ഷീരക്ഷേമ** ഇൻഷ്വറൻസ്' പദ്ധതി, 'ക്ഷീരസുരക്ഷ' പദ്ധതി, കുളമ്പു രോഗ ചികിത്സാ ധനസഹായം എന്നിവ നടപ്പിലാക്കി വരുന്നു.

(സി) ക്ഷീരകർഷക ക്ഷേമനിധിയിൽ എല്ലാ ക്ഷീരകർഷകരേയും അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമ പ്രകാരം 18 വയസ്സ് പൂർത്തിയായതും, പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ അളന്ന് 100/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച എല്ലാ ക്ഷീരകർഷകരെയും അംഗങ്ങളാക്കുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ക്ഷീരകർഷക ക്ഷേമ നിധിയിൽ നാളിതുവരെ 193943 ക്ഷീര കർഷകർ അംഗങ്ങളായിട്ടുണ്ട്.

(ഡി) ക്ഷേമനിധിയിൽ നിന്നും എത്ര പേർക്ക് പെൻഷൻ ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും 27315 പേർക്ക് 300/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകിവരുന്നു.

(ഇ) ക്ഷേമനിധിയിൽ നിന്നും നൽകുന്ന ഇതര ആനുകൂല്യങ്ങൾ എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള ക്ഷീരകർഷക ക്ഷേമനിധി രൂപീകരിച്ചതിനു ശേഷം ക്ഷീര സഹകരണ സംഘങ്ങളിൽ ഒരു സാമ്പത്തിക വർഷത്തിൽ 500 ലിറ്റർ വീതം പാലളക്കുന്ന 193943 ക്ഷീരകർഷകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. ആയതിൽ അറുപത് വയസ്സ് പൂർത്തിയായതും നിശ്ചിത പാലളവ് യോഗ്യതയുള്ളതുമായ 27315 ക്ഷീരകർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷനും, മരണപ്പെട്ട 1365 പെൻഷണർമാരുടെ അനന്തരാവകാശിക്ക് 150/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകിവരുന്നു. കൂടാതെ, ക്ഷീരദീപം പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ ഇനത്തിൽ 1000/- രൂപ നിരക്കിൽ നാളിതുവരെ 2464 ക്ഷേമനിധി അംഗങ്ങൾക്ക് നല്കിയിട്ടുണ്ട്.ക്ഷേമനിധി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി X-ാം ക്ലാസ്സ്, +2, ഡിഗ്രി, പ്രൊഫഷണൽ എന്നീ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കൾക്ക് യഥാക്രമം 1000, 1500, 2000, 2500 എന്നീ നിരക്കിൽ വിദ്യാഭ്യാസ ധന സഹായമായി 803 ക്ഷേമനിധി അംഗങ്ങൾക്കും, ജില്ലകളിലെ മികച്ച ക്ഷീര കർഷകന് 2000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും, ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിന് 1000/- രൂപ ധനസഹായവും നല്കിവരുന്നു. ടി ഇനത്തിൽ 2590 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെയും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെയും സംയുക്താഭിമുഖ്യത്തിൽ ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ ക്ഷീരകർഷകർക്കും അവരുടെ ആശ്രിതർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന 'ക്ഷീരക്ഷേമ ഇൻഷുറൻസ്' പദ്ധതി സർക്കാർ ധനസഹായത്തോടു കൂടി 2009-10 കാലയളവിൽ നടപ്പിലാക്കി യിരുന്നു. ടി പദ്ധതി പ്രകാരം 1079 പേർക്ക് 6289467/- രൂപയും, അംഗങ്ങളുടെ ആശ്രിത ഇൻഷുറൻസ് 21 പേർക്ക് 95,154/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

കൂടാതെ, ക്ഷേമനിധി ബോർഡ് സർക്കാർ ധനസഹായത്തോടു കൂടി ക്ഷേമനിധി അംഗങ്ങൾക്ക് വേണ്ടി 2010-11 കാലയളവിൽ നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീരസുരക്ഷാ പദ്ധതി' പ്രകാരം അപകട മരണം/സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്കുള്ള ധനസഹായമായി 50,000/- രൂപയും, ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്കും, ഗുരുതരമായ പരിക്കുകൾ മൂലം ആശുപത്രിയിൽ കിടന്നുള്ള ചികിത്സകൾക്കും, ശസ്ത്രക്രിയ ചെലവുകൾക്കുമുള്ള ധനസഹായമായി പരമാവധി 15,000/- രൂപയും, സംസ്ഥാന ആരോഗ്യവകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രത്യേക പകർച്ച വ്യാധികൾ, പാമ്പുകടി, പേവിഷബാധ, പശുപാലനത്തിനിടയിൽ ക്ഷീരകർഷകർക്കുണ്ടാകുന്ന ശസ്ത്രക്രിയ, പരിക്കുകൾ എന്നിവയ്ക്കുള്ള ധനസഹായമായി പരമാവധി 2000/- രൂപയും, പ്രകൃതി ക്ഷോഭം മൂലം കാലിത്തൊഴുത്ത് നഷ്ടമായ ക്ഷീരകർഷകർക്ക് അവയുടെ പുനർനിർമ്മാണത്തിനായി പരമാവധി 3000/- രൂപയും അനുവദിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 78 പേർക്ക് 6,59,811/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതി പ്രകാരം അംഗങ്ങളുടെ ഉരുക്കൾക്ക് ഉണ്ടാകുന്ന കുളമ്പുരോഗത്തിന് ചികിത്സാ ധനസഹായമായി രോഗം ബാധിച്ച ഒരു ഉരുവിന് 1000/- രൂപയും, കൂടുതലുള്ള ഓരോ ഉരുവിനും 500/- രൂപ നിരക്കിലും പരമാധി 2000/- രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. ആയത് പ്രകാരം 1052 പേർക്ക് 17,42,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(എഫ്) ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കന്നുകാലി തീറ്റ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എഫ്) വേനൽക്കാലങ്ങളിൽ കാലികൾക്ക് ശരിയായ രീതിയിൽ ആവശ്യമായ തീറ്റ ലഭിക്കാതെ വരുന്നത് മൂലം ഉൽപാദനം കുറയുന്നു. ഈ കാലത്ത് കർഷകർക്ക് വളരെയധികം പ്രയാസമുണ്ടാകാറുണ്ട്. ഇതിന് ഒരു ആശ്വാസ പദ്ധതിയായാണ് ക്ഷീരസഹരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് കാലിത്തീറ്റ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയത്. 2009-10 ൽ 275 ലക്ഷം രൂപയും, 2010-11 ൽ 450 ലക്ഷം രൂപയുമാണ് ക്ഷീരകർഷകർക്ക് ഇതിനായി അനുവദിച്ചത്. നടപ്പുവർഷം 4.5 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പ് വഴി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി, വിഷൻ-2010 പദ്ധതി എന്നീ പദ്ധതികൾ പ്രകാരം കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഒരു കന്നുകുട്ടിക്ക് അനുവദനീയമായ സബ്സിഡി തുകയും ആ വർഷം സബ്സിഡി നിരക്കിൽ തീറ്റ ലഭിച്ച കന്നുകുട്ടികളുടെ എണ്ണവും ആകെ നൽകിയ ആനുകൂല്യവും ചുവടെ ചേർക്കുന്നു.

**പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.**

| വർഷം | തീറ്റ ലഭിച്ച കന്നുകുട്ടികളുടെ എണ്ണം | ഒരു കർഷകന് ലഭിക്കുന്ന സബ്സിഡി | ആകെ ആനുകൂല്യം. |
|---|---|---|---|
| 2006-07 | 21000 | 6500 | 136500000 |
| 2007-08 | 23614 | 6500 | 153491000 |
| 2008-09 | 21690 | 7500 | 162675000 |
| 2009-10 | 21000 | 7500 | 157500000 |
| 2010-11 | 36800 | 7500 | 276000000 |

**ആർ.കെ.വി.വൈ. പദ്ധതി.**

| | | | |
|---|---|---|---|
| 2007-08 | 7000 | 6500 | 45500000 |
| 2008-09 | 2200 | 7500 | 16500000 |
| 2009-10 | 2700 | 7500 | 20250000 |
| 2010-11 | 5742 | 11395 | 65430090 |

**വിഷൻ-2010:** ഈ പദ്ധതി പ്രകാരം 7394/ രൂപ സബ്സിഡി നിരക്കിൽ 687 പശുക്കുട്ടികൾക്ക് ആകെ 5079678 രൂപയുടെ കാലിത്തീറ്റ അനുവദിച്ചിട്ടുണ്ട്.

**<u>വിദർഭ പാക്കേജ്:</u>** പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ 500 കന്നുകുട്ടികൾ വീതം 4500 കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, കുട്ടനാട് പാക്കേജ് പ്രകാരം 2010 11 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 1000 കന്നുകുട്ടികൾക്കും, ഇടുക്കി പാക്കേജ് പ്രകാരം 500 കന്നുകുട്ടികൾക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കിയിട്ടുണ്ട്.

**<u>കറവപശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ.</u>**

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2008-09 വർഷത്തിൽ മലപ്പുറം ജില്ലയിൽ 15 ലക്ഷം രൂപയും കണ്ണൂർ ജില്ലയിൽ 11.25 ലക്ഷം രൂപയും കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകുന്നതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ കോട്ടയം ജില്ലയിൽ 1050 പശുക്കൾക്ക് 36.54 ലക്ഷം രൂപയുടെ സബ്സിഡി ആനുകൂല്യവും എറണാകുളം ജില്ലയിൽ 1500 പശുക്കൾക്ക് 52.2 ലക്ഷം രൂപയുടെ സബ്സിഡിയും കാസർഗോഡ് ജില്ലയിൽ 500 പശുക്കൾക്ക് 15.38 ലക്ഷം രൂപയുടെ കാലിത്തീറ്റ സബ്സിഡിയും നൽകിയിട്ടുണ്ട്.

വിദർഭാ പദ്ധതി പ്രകാരം 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിലായി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ 9000 പശുക്കൾക്ക് 830.875 ലക്ഷം രൂപയുടെ സബ്സിഡി കാലിത്തീറ്റയ്ക്ക് നൽകുകയുണ്ടായി.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം 2007-08, 2008-09, 2009-10 വർഷങ്ങളിലായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 3125 പശുക്കൾക്ക് 11.34 കോടി രൂപയുടെ സബ്സിഡി കാലിത്തീറ്റയ്ക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.